
കഥാചന്ദ്രിക.

പുസ്തകം ൧൦. ൧൯൨൬ ജൂലായി ലക്കം ൭൯.



"Jesus taught them many things in parables." (Mark 4-2.)

"ഉപമകളായി പലതും അവൻ അവരെ പഠിപ്പിച്ചു." (മർക്കൊസ് ൪-൨.)

എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ
ഗുരുപട്ട രജതജൂബിലിസ്മാരകസ്തംഭം.

പത്രാധിപർ: ഫാദർ ജേക്കബ് നടുവത്തുശ്ശേരിൽ.

വിഷയവിവരം.

1. മംഗളം.
2. ഒരു രാജകുമാരന്റെ തീർത്ഥയാത്ര.
3. ഉണ്ണീശോയോട് ഒരു പ്രാർത്ഥന.
4 മുദ്രാമുദ്രം (തുടർച്ച.)
5. മാത്തോമ്മാദിനം.
6. സമസൃഷ്ടിസ്നേഹം വൃഥാവിലാകയില്ല
7. മാതൃഗീതം
8. ചെറുപുഷ്പ നൊവേന.
9. സന്മാതൃകയും മാനസാന്തരവും.
10. ഫാദർ ജോസഫ് വാസിന്റെ ഒരത്ഭുതം.
11. മാത്തോമ്മായോടുള്ള പ്രാർത്ഥന. (തർജ്ജമ)
12. സമുദ്രതാരമായരാജ്ഞിയുടെസഹായം
13. ആദർശപുരുഷനായ ഒരു ക്രിസ്തീയ മാതാവു.
14. മഹമ്മദീയനായ ഒരു ക്രൈസ്തവൻ.
15. മാത്തോമാശ്ലീഹായുടെ ദിവസം
16. പ്രാൻസുരാജാവു ക്രിസ്ത്യാനിയായതു.
17. ഉരുപ്പട്ട രജതജൂബിലിസ്മാരകം.
18. കൃതജ്ഞതാപ്രകാശനം.

"റാസഞ്ചൻ" എന്ന ദിവ്യൗഷധം.

അകമേയും പുറമേയുമുള്ള എല്ലാത്തരം വേദനകളും, ക്ഷയം, ക്ഷീണം, ആസ്ത്മാ, പുണ്ണ് എന്നിവകളും, വിവിധതര മുറിവുകളും, വ്രണങ്ങളും, ചതവുകളും സുഖപ്പെടുത്തുന്ന ഒരു സിദ്ധൗഷധം.

വാതവും, ഞരമ്പുകളും മാംസപേശികളും സംബന്ധിച്ച രോഗങ്ങളും കൊണ്ട് കഷ്ടപ്പെടുന്നവർക്ക് 'റാസഞ്ചൻ' സാക്ഷാൽ ഒരു അനുഗ്രഹം തന്നെയാണ്. വില ഡപ്പി ഒന്നുക്ക് ഉ. ക. സാവിൽ ഡപ്പിക്ക് രൂ. മാത്രം. തപാൽ കൂലി മുതലായതു പുറമെ. ഉപയോഗിക്കേണ്ട ക്രമം ഡപ്പിയോടുകൂടി ഉണ്ടായിരിക്കും.

ഏജന്റന്മാരെ ആവശ്യമുണ്ട്. അപേക്ഷിക്കേണ്ടത് മേൽവിലാസം.

ഐ. ജി. ഫ്രാൻസിസ്, കൊച്ചി. OR

സെക്രട്ട് ഹാർട്ട്സ് ഡിപ്പോ, എറണാകുളം

പുതിയഡിപ്പോ. മിതമായവില.

കുമ്പാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാഴ്ചരൂപം, ചെറുതും വലുതുമായ കടലാസുരൂപങ്ങളും കൊത്തുരൂപങ്ങളും, ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ അനുമതിയോടെ അടുത്തു തെക്കുവശത്തു ബ്രോഡ്വെയിലുള്ള കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വിൽക്കപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിപ്പോ,—എറണാകുളം.

വരിക്കാർ അറിവാൻ:— വരിപ്പണം ഇനിയും തന്നിട്ടില്ലാത്തവർ ആഗസ്റ്റ് മാസത്തിനുമുമ്പു അതു അയച്ചുതരണം. അല്ലാത്തപക്ഷം അവർക്കെല്ലാം അടുത്ത ലക്കം വി. പി. യായി അയയ്ക്കുന്നതാണ്. (ക. ച. പ.)

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ. യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൩. | ഫർമവ്വ ജൂലായി. | ലക്കം ൮൯.

മംഗളം.

൩മാസരാജ്ഞി, മഹിളാമണി, ലോകരക്ഷ-
യ്ക്കാലംബമായ മിശിഹായുടെയമ്മ, മേരി
പ്രേമപ്രതാപ മുയരുന്നൊരു തൃക്കടാക്ഷ-
ശ്രീയാലണപ്പു ഭവികങ്ങളിലുണ്ടുമേന്മേൽ!

(ശ്രീമാൻ ആർ. അൻറണി തൊകലത്ത്.)

ഒരു രാജകുമാരൻറെ തീർത്ഥയാത്ര.

ഇറാലിയിലെ കിരീടാവകാശിയായ സേവോയിലെ ഹംബർട്ട രാജകുമാരൻ ഇതിനിടെ യെറുശലേം മുതലായ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചിരിക്കുന്നു. അദ്ദേഹത്തിൻറെ സന്ദർശനം ആ പ്രദേശങ്ങളിലെ ജനങ്ങൾക്കാസകലം ആദ്ധ്യാത്മികമായ ഉയർച്ചയും ഉണർച്ചയും നൽകുന്നതിനു പര്യാപ്തമായെന്നു കാണുന്നതു വളരെ സന്തോഷകരമായിരിക്കുന്നു.

രാജ്യകാര്യസംബന്ധമായ യാതൊരു കാര്യവും ഉണ്ടായിട്ടല്ലായിരുന്നു കിരീടാവകാശിയുടെ പ്രസ്തുത വിശുദ്ധ സ്ഥലസന്ദർശനം. പ്രത്യുത അദ്ദേഹം ആ വിശുദ്ധസ്ഥലത്തെ സന്ദർശിച്ചതു ദൈവഭക്തിയാലും മതസ്നേഹ

ത്താലും പ്രേരിതനായിമാത്രം ആയിരുന്നു. നമ്മുടെ രക്ഷകനായ മിശി ഹാ മനുഷ്യനായി ജീവിക്കയും പാടുപെടുകയും ചെയ്ത ഓരോ വിശുദ്ധ സ്ഥലവും സന്ദർശിക്കണമെന്നുള്ള മോഹം മാത്രമാണദ്ദേഹത്തിനുണ്ടാ യിരുന്നതു്.

സാധാരണയായി വിശുദ്ധസ്ഥലം സന്ദർശിക്കുന്നവർ കേവലം വി നോദത്തിനും കഴ്ചകാണാൻ വേണ്ടിയും അങ്ങിനെ ചെയ്കയാണു പതി വു്. ഭക്തിയുള്ളൊരു കൃത്യമാണതെന്നുള്ള ഭാവനതന്നെ അവരിൽ വളരെ മുരുക്കമായിട്ടേ കാണാറുള്ളു. എന്നാൽ ഇറാലിയിലേ കിരീടാ വകാശിയുടെ വിശുദ്ധ സ്ഥലസന്ദർശനം ഈ സംഗതിയിൽ ഒരു വ്യത്യ സ്തമായിട്ടാണു തീർന്നതു്.

തിരുമനസ്സുകൊണ്ടു ഒരു പ്രത്യേകതീവണ്ടിയിലാണു് യെരുശലേ മിൽ വന്നതു്. ആ വണ്ടിയിൽതന്നെ കുമ്പാനം നടത്തിയിരുന്നു. മറ്റു യാത്രക്കാരോടൊപ്പം അവിടന്നും തിരുക്കുഴിമാടദേവാലയത്തിൽവച്ചു വി. കുമ്പാനം കൈക്കൊണ്ടു. വെള്ളിയാഴ്ച ദിവസം അവിടന്നു ആ നഗര ത്തിൽ "കുരിശുപാത" പ്രദക്ഷിണം ചെയ്തു. രക്ഷകൻ തന്റെ തൃക്കാല ടികളാൽ പരിപാവനമാക്കിയിരുന്ന ആ വഴിമുഴുവൻ അദ്ദേഹം കാൽന ടയായി നടന്നു. ദുഃഖവെള്ളിയാഴ്ചദിവസം അവിടന്നു ഫ്രാൻസിസ്കൻ സന്ന്യാസികളുടെ എത്രയും ദരിദ്രമായ ആഹാരത്തിലും മൗനത്തിലും പ ങ്കുകൊണ്ടു. രാജോചിതമായ ചില പരസ്യചടങ്ങുകളിലും അവിടു ന്നു സംബന്ധിക്കാതിരുന്നില്ല. എന്നാൽ അവിടുന്നു പുണ്യസ്ഥലസന്ദ ർശനത്തിൽതന്നെയാണധികം സമയവും വ്യയം ചെയ്തതു്. ക്രിസ്തീയ ലോകത്തിന്റെ തീർത്ഥസ്ഥലങ്ങളായ അവിടത്തെ ദേവാലയങ്ങളേയും യെരുശലേം നഗരത്തിലെ ധർമ്മസ്ഥാപനങ്ങളേയും മുഴുവൻ അദ്ദേഹം സന്ദർശിച്ചു

ഓശാനഞായറാഴ്ചദിവസമാണു് അവിടുന്നു യെരുശലേമിൽ വന്ന തു്. വന്നസമയം ബ്രിട്ടീഷ് ഹൈകമ്മീഷണരായ പ്ലുമർ പ്രഭു അദ്ദേ ഹത്തെ സ്വീകരിച്ചു. നഗരപ്രമാണിയും മറ്റു പരിവാരങ്ങളും എല്ലാം കിരീടാവകാശിയെ എതിരേല്പാൻ കൂടിയിരുന്നു. അവിടന്നു അകമ്പടി യോടുകൂടി ബ്രിട്ടീഷ് കമ്മീഷണരുടെ ആപ്പീസിലേയ്ക്കുപോയി. അവി ടന്നു "ജാഫാഗേയിറ്റു" എന്ന സ്ഥലത്തുവന്നപ്പോൾ അവിടങ്ങളിലു ള്ള എല്ലാവിധ കത്തോലിക്ക സമുദായങ്ങളുടെയും സ്കൂളുകളുടേയും പ്രതി

"എം. സി. എസ്. എൽ." എന്നു വായനക്കാർ കേട്ടിരിക്കുമല്ലൊ.

നിധികർം ലത്തീൻ പാത്രിയക്കീസായ മോൺസിഞ്ഞോർ ബ്ലാസീനാ യുടെ കീഴിൽ അദ്ദേഹത്തെ എതിരേറ്റു.

അതിനുശേഷം അവിടന്നു തിരുക്കുഴിമാടദേവാലയത്തിൽ ഔദ്യോ കികമായി പ്രവേശിച്ചു. "ലേപനക്കല്ലി"നരികെവച്ചു വിശുദ്ധസ്ഥല സംരക്ഷകരിൽപെട്ട ഫ്രൻസിസ്കൻ സന്ന്യാസസഭയിലെ ഒരംഗമായ റൈ റവറണ്ട് അവുറേല്യോമരോത്ത അവർകൾ ഒരു സ്വാഗതപ്രസംഗം ചെയ്തു. കത്തോലിക്ക രാജകുമാരന്മാർ വിശുദ്ധ സ്ഥലം സന്ദർശിക്കു മ്പോൾ തിരുസഭയുടെ പുരാതനമര്യാദപ്രകാരം പതിവുള്ള വൈദികക ർമ്മങ്ങളെല്ലാമാണു പിന്നീടനടന്നതു്. എൻ. സി. ഡബ്ലിയു. സി. വർത്തമാനശേഷരസംഘത്തിന്റെ പ്രതിനിധി യാത്രയിൽ ആദ്യവസാ നം അവിടത്തോടുകൂടെ ഉണ്ടായിരുന്നു. കത്തോലിക്കാ പത്രങ്ങളുടെ ഈ ഒരു പ്രതിനിധി മാത്രമേ ഉണ്ടായിരുന്നുള്ളു. ഇദ്ദേഹം യെരുശലേ മിലെ വിദേശലേഖനസംഘത്തിന്റെ ഒരംഗവുമാകുന്നു.

ഇറ്റാല്യൻ സ്ഥാനപതിയുടെ വസതിയിൽ ഭക്ഷണം കഴിച്ചശേ ഷം തന്റെ ബഹുമാനാർത്ഥം പ്ലമർ പ്രഭു ഒരുക്കിയിരുന്ന ഒരു സല്ക്കാര ത്തിൽ അവിടന്നു പങ്കുകൊണ്ടു. അനന്തരം റൈറ്റ് റവ: കസ്റ്റോസു മൊന്നിച്ചു അവിടന്നു യെരുശലേമിലേയ്ക്കുപോയി. അവിടെ നോറിവി റിയുടെ (പിറവി) ബസിലിക്കപള്ളിയിൽ പ്രവേശിക്കയും വിശുദ്ധ മണ്ഡപത്തിൽ പ്രാർത്ഥിക്കയും ചെയ്തു.

അടുത്തദിവസം രാവിലെ അവിടന്നു അവിടെയുള്ള ഫ്രാൻസി സ്കൻ അനാഥശാലകൾ, സലേഷ്യൻ സഹോദരിമാരുടെ ഇറ്റാല്യൻ പള്ളിക്കൂടങ്ങൾ, ഇറ്റാല്യൻ ആസ്പത്രി, എന്നീ സ്ഥാപനങ്ങളും സന്ദ ർശിച്ചു. അനന്തരം സലേഷ്യൻ സന്ന്യാസികളുടെ ആശ്രമത്തിൽവച്ചു ണ്ടായ മഹനീയ പണ്ഡിതപ്രഭാഷണത്തിൽ അദ്ദേഹം സംബന്ധിച്ചു. പലസ്തീനായിലും ഇത്താല്യൻ കോളനിയിലുമുള്ള ദോംബോസ്കോവി ന്റെ സഭയിലെ അംഗങ്ങൾ എല്ലാം അവിടെ കൂടിയിരുന്നു. പിന്നെ ബ്രിട്ടീഷ് യുദ്ധസെമിത്തേരിയിൽ അദ്ദേഹം ഒരു പൂമാല അർപ്പിക്കയും വൈകുന്നേരം ഓമറുടെ പ്രസിദ്ധ മഹമ്മദീയ ദേവാലയം സന്ദർശിക്ക യും ചെയ്തു. അവിടത്തെ വലിയ "മുഫ്ത്തി"തന്നെ വന്നാണ് കിരീടാ വകാശിയെ സ്വീകരിച്ചതു്. പിന്നിടന്നു തിരുമേനി സന്ദർശിച്ച രണ്ടു സ്ഥാപനങ്ങൾ ജാഫായിലെ ഇറ്റാല്യൻ കാൺസുലർ ഏജൻസിയും ഫ്റാൻസിസ്കൻ പെൺപള്ളിക്കൂടവും ആയിരുന്നു

അയ്യു കേരളത്തിലെ കത്തോലിക്കവിദ്യാർത്ഥികളുടെ ഒരു സംഘമാണ്.

മൂന്നാംദിവസം കിരീടാവകാശിയും കൂട്ടരുംകൂടി ഫ്രാൻസിസ്കന്മാരുടെ വകയായ 'കാസനോവാ' എന്നയാശ്രമം സന്ദർശിച്ചു. അവരുടെ സൗകര്യത്തിന്നായി അടിയിലത്തെ ഒരു മുറി ഒഴിച്ചിടപ്പെട്ടിരുന്നു. അതിന്നു ശേഷം അവർ പോയതു നസറേത്തിലേക്കാണ്. നസറേത്തിലെ അനൻസിയേഷൻ (മംഗലവാർത്താ) പള്ളിയിൽ അവിടന്നു ഒരു സ്ഥാനമുദ്രമാത്രം ധരിച്ചുകൊണ്ടാണു പ്രവേശിച്ചതു്. അതായതു മംഗലവാർത്താസംഘത്തിന്റെ മുദ്ര.

കുറെക്കഴിഞ്ഞപ്പോൾ ലഘുഭക്ഷണമായി. അതു കഴിഞ്ഞയുടൻ അവിടെയുള്ള പ്രധാന ദേവാലയങ്ങളെല്ലാം കാണ്മാൻ പുറപ്പെട്ടു. പിന്നെ അവർ തിബേര്യാസിൽപോയി ജെനിസറേത്ത് എന്നു ചരിത്രപ്രസിദ്ധമായ തടാകത്തെയും ഇത്താല്യൻ മിഷ്യനരിമാരുടെ സംഘവകയായി കെട്ടപ്പെട്ടിട്ടുള്ള മന്ദിരവും സന്ദർശിച്ചു. ബുധനാഴ്ച സന്ദർശിച്ചതു "താബോർ" മലയായിരുന്നു. അദ്ദേഹത്തിനു വഴികാട്ടുവാൻ റെറ് റവ: ഫെർഡിനാണ്ടു ദിയൊതല്ലെവിക്കുടി ഉണ്ടായിരുന്നു. പിന്നെയും ബൈബിളിൽ പറയുന്ന മറ്റു ചില സ്ഥലങ്ങളും സന്ദർശിച്ചതോടുകൂടി അന്നത്തെദിവസം അവസാനിച്ചു.

പെസഹാ വ്യാഴാഴ്ച തിരുക്കുഴിമാടദേവാലയത്തിൽവച്ചു അവിടുന്നു വിശുദ്ധ കുർബാന കൈക്കൊണ്ടു. ലത്തീൻ പാത്രിയർക്കീസായ മോൺസിഞ്ഞോർ ബാർല്ലാസീനതന്നെ നടത്തിയ അന്നത്തെ തിരുക്കർമ്മത്തിൽ അവിടുന്നും ഭക്തിപൂർവ്വം സംബന്ധിക്കയും ചെയ്തു.

ദുഃഖവെള്ളിയാഴ്ച അവിടന്നു കുരിശുപാഥയുടെ പരമ്പര്യപ്രദക്ഷിണത്തിൽ സംബന്ധിച്ചു. പലസ്തീനായിൽ ഇതു ഹൃദയസ്പർശകമായ മറെറാരു കാഴ്ചയില്ല. തിരുമേനി കൽവറിവരെ കാൽനടയായി സഞ്ചരിച്ചതേയുള്ളുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. ദിവ്യരക്ഷകന്റെ നാമത്തിലുള്ള കൊവേന്തയിൽ സന്ന്യാസികളൊന്നിച്ചു ഭക്ഷിച്ചശേഷം അവിടന്നു ഗത്സേമനയിൽചെന്നു രക്തവിയർപ്പിന്റേയും മറ്റും സ്ഥലങ്ങളെ സന്ദർശിച്ചു. അവിടത്തെ ബസിലിക്കായിൽ ചെയ്യപ്പെട്ടിരുന്ന ചില പണിത്തരങ്ങൾകണ്ടു കിരീടാവകാശി വിസ്മയിച്ചുപോയി. അദ്ദേഹം തന്റെ തീർത്ഥയാത്രയുടെ ഓർമ്മക്കായി രണ്ടു വഴിപാടുവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട പണം സംഭാവനചെയ്തു.

ശനിയാഴ്ച അവരെല്ലാം ട്രാൻസ്ജോർദാന്യായിലേയ്ക്കു തിരിച്ചു. ബെത്താനിയാ, നല്ലസമരയക്കാരന്റെ കുടിൽ, എന്നിവയെകടന്നു,

---

ഇത്തരം സംഘങ്ങൾ വിദേശകത്തോലിക്കരാജ്യങ്ങളിൽ പലതുണ്ടു്.

ചാവുകടൽ, ജെറീക്കോ എന്നിവിടങ്ങളിൽ അല്പാല്പം താമസിച്ചു. ട്രാൻസ് ജൊർദാന്യായുടെ തലസ്ഥാനമായ അമ്മാനിൽ, മിലാനിലെ മറിയബാംബീനായുടെ സഹോദരികൾ നടത്തിവരുന്ന ആസ്പത്രി സന്ദർശിച്ചു. പിന്നെ ഹാഷ്മൈറ്റ് മഹമ്മദീയ പ്രഭുവിന്റെ വകയായി ഒരു ലഘുഭക്ഷണസൽക്കാരം ഉണ്ടായി. അതുകഴിഞ്ഞ് ഇത്താല്യൻ കാൺസുലിന്റെ ആപ്പീസിലെ ഒരു വിരുന്നിൽ സംബന്ധിക്കുവാനായി എല്ലാവരും യെരൂശലേമിലേക്കു മടങ്ങുകയും ചെയ്തു.

ഉയപ്പുഞായറാഴ്ചദിവസം അവിടത്തെ ലത്തീൻ പാത്രിയർക്കീസായ മോൺ. പിത്സ്സാർ ബാർലിസീനാ ചൊല്ലിയ പോന്തിഫിക്കൽ കുർബാനയിൽ സംബന്ധിച്ചു. അന്നത്തെ വിരുന്നു പാത്രിയർക്കീസിന്റെ വകയായിരുന്നു. അതുകഴിഞ്ഞു മിലാനിലെ ജനങ്ങൾ യെരൂശലേമിലെ ഓപ്പറാ കർദിനൽ ഫെറാരി എന്ന സ്ഥാപനത്തിനു കൊടുത്തിരുന്ന ദേവമാതാവിന്റെ ഒരു വലിയ പ്രതിമയെ വെഞ്ചരിക്കുന്ന കർമ്മത്തിൽ സംബന്ധിച്ചു. അനന്തരം മേയരുടെവക ഒരുദ്യാനവിരുന്നും പ്രഭുമർപ്രഭുവിന്റെവക അത്താഴസദ്യയും നടന്നു.

ഉയപ്പിന്റെ പിറ്റെദിവസം കിരീടാവകാശിയും പരിവാരവും ഹാൽഫായിലേയ്ക്കുപോയി കർമ്മലമലനായികയുടെ ദേവാലയം സന്ദർശിച്ചു. കർമ്മലീത്ത കോൺവെന്ററിൽ പ്രാതൽകഴിച്ച് അവർ എക്രെ എന്ന സ്ഥലം സന്ദർശിച്ചു മടങ്ങി ഹാൽഫായിൽ എത്തി. ഇറാല്യൻ ആസ്പത്രിയും സലേഷ്യൻ സന്ന്യാസികളുടെ സ്കൂളും ഇറാല്യൻ കൗൺസിലിന്റെ സ്ഥലവും സന്ദർശിക്കയും വൈകുന്നേരം സെൻറ് ജോർജ് എന്ന കപ്പലിൽ കയറി വിശുദ്ധസ്ഥലത്തോടു യാത്രപറകയും ചെയ്തു.

ഇത്താല്യയിലെ കിരീടാവകാശിയായ രാജകുമാരന്റെ ഈ ഭക്തിപൂർവ്വമായ തീർത്ഥയാത്ര പലസ്തീനയിലെ സകല ക്രിസ്ത്യാനികളുടെയും പ്രശംസയ്ക്കു പാത്രമായിതീർന്നിരിക്കുന്നതിൽ എന്താണു അതിശയിപ്പാനുള്ളതു? ഇത്താല്യയിലെ ഭാവിരാജാവു കത്തോലിക്കലോകത്തിനു ഒരു ഉത്തമമാതൃക നൽകിയിരിക്കുന്നു.

മാൾട്ടായിലെ മന്ത്രിസഭ എല്ലാകൊല്ലവും തുടങ്ങുമ്പോൾ ആ സഭയെ തിരുഹൃദയത്തിനു സമർപ്പിക്കുന്ന കർമ്മം പതിവായി നടത്തണമെന്നു നിയമമുണ്ട്.

അവ ഓരോന്നും സഭയ്ക്കും സമുദായത്തിനും അനേകം ഗുണംചെയ്യുന്നു.

ഉണ്ണീശോയോടു ഒരു പ്രാർത്ഥന.

ബ്രദർ തായങ്കേരി.

("അംബികാ ഉൻമകൻ ഗ്രഹൻ" എന്ന മട്ടു്.)

പല്ലവി.


കാക്കണേ ഉണ്ണിയേ! മുദാ-തീക്കണേ ക്ലേശങ്ങൾമമ.

അനുപല്ലവി.

1. രക്ഷനരക്കേകിടാനോ-മോക്ഷം നീ കൈവെടിഞ്ഞോ
ഇക്ഷിതി വാസികളെ-രക്ഷിച്ചല്ലോ നിൻനിണത്താൽ.

2. ദിവ്യാഭചിന്തിനെന്നും-ദിവ്യനേ വാണിടുന്നോ
ഭവ്യമിങ്ങേകിടേണെ-നിന്ദ്യനായ നിൻസുതനു.

3. സ്നേഹമെൻ ലക്ഷ്യമായി പക്ഷമോടെൻഹൃദയം
പാദനിൻ പത്മതാരിൽ-ആവിർമോദ മർപ്പിച്ചീടാം.



സുവിശേഷഗ്രന്ഥങ്ങളെ നാട്ടുഭാഷകളിൽ തർജ്ജമചെയ്തു പ്രചരിപ്പിക്കാൻ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള "വി ജെറോമിന്റെ സംഘ"ത്തിലെ പ്രസിഡെണ്ടായ കർദ്ദിനാളിനു കാലംചെയ്ത ഫ്രാൻസ്സിസ്കോസ് മാഫ്പാപ്പാതിരുമനസ്സുകൊണ്ടു് അയച്ച ഒരു കത്തിലെ ഭാഗം താഴെ ചേർക്കുന്നു:—

"നിങ്ങളുടെ മതതിഷ്ണതയാൽ സുവിശേഷഗ്രന്ഥത്തിനു പ്രചുരപ്രചാരം ഉണ്ടാകണമെന്നു നാം ഹൃദയപൂർവം ആഗ്രഹിക്കുന്നു. ആ ഗുണത്തിനും പുറമെ, ആ വിശുദ്ധഗ്രന്ഥം നല്ല കൂട്ടംബങ്ങളിൽ പ്രവേശിക്കണമെന്നും എല്ലാവരും ശ്രദ്ധാപൂർവം അനേഷിക്കയും കായ്മയായി സൂക്ഷിക്കയും ചെയ്യുന്ന ഒരു പ്രതിദിന (മന്നാ) ഭക്ഷണസാധനമായി തീരണമെന്നും നാം ആഗ്രഹിക്കുന്നു. അതു സാധിച്ചാൽ, വിശ്വാസികൾ പതിവായി ആ വിശുദ്ധ ഗ്രന്ഥം വായിക്കയും അവയിൽ അടങ്ങിയിരിക്കുന്ന കായ്ങ്ങളെ ധ്യാനിക്കയും അതുവഴി ദൈവഹിതമനുസരിച്ചു പരിശുദ്ധ ജീവിതം നയിക്കാൻ പഠിക്കയും ചെയ്യും".

എം. സി. എസ്. എൽ. കേരളീയസഭയ്ക്കു ഗുണം ചെയ്തുകൊടുത്തതാണ്.

മുട്ടാമൃതം.

(റവ. തോമസ് പുലപ്പാംപ്പിൽ ബി. എ.)

(ഒരു യാത്ര.)

നുരെഷാംപെയിജിന്റെ തുടച്ച.

ഇത്ര വലിയ ഒരു തുക എണ്ണിക്കൊണ്ടിരിക്കുന്നതു് ഈ കപ്യാരല്ലാതെ മറാരു കണ്ടാലും വേണ്ടതില്ലായിരുന്നു എന്നുള്ള ചിന്തയോടേ, പ്രാൻസിസ് അമ്മൻ, "ഈ പണത്തിൽ ഒരു പെനിപോലും എന്റേതല്ല" എന്നു് ഉത്തരംപറഞ്ഞു. അദ്ദേഹം അവനെ യാതൊരു സംഗതിയിലും വിശ്വസിച്ചിരുന്നില്ല. അവന്റെ ജീവിതരീതി അത്ര വഞ്ചനാമയമായിരുന്നു. അവനു് ഒരു ഒത്ത ആളിന്റെ പൊക്കവും, തടിച്ചതും ബലമുള്ളതുമായ ശരീരവും, ആശ്ചര്യജനകമായ നോട്ടത്തോടുകൂടിയ ഇരുണ്ട നേത്രങ്ങളും ഉണ്ടായിരുന്നു. ലൂസർ എന്ന നാമധാരിയായ അവൻ, ലൊറെയിൻ രാജ്യനിവാസിയും, ഫ്രഞ്ചുകാരും പ്രഷ്യാക്കാരുമായുള്ള സമരത്തിൽ അനേകം പ്രഷ്യരെ നിഷ്ഠുരമായി വധിച്ചു് കുപ്രസിദ്ധിനേടിയിട്ടുള്ള ഒരു പഴയ പടയാളിയുമാണു്. നാല്പതു വയസ്സിൽ കൂടുതൽ പ്രായമില്ലെങ്കിലും, പത്തുവയസ്സുകൂടിയുണ്ടെന്നു തോന്നിക്കുന്നുണ്ടു്. മൂക്കിനു് മുകളിലും ഇടത്തെ കവിൾത്തടത്തിലുമായി ഒരു അഗാധമായ പാടുള്ളതു്, യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നു കിട്ടിയ ഒരു ഖഡ്ഗപ്രയോഗത്തിന്റെ ഫലമാണെന്നും മറും വീരസംപറഞ്ഞു ബഹുജനങ്ങളെ പാട്ടിലാക്കുക അവന്റെ സാധാരണ പ്രവൃത്തിയത്രേ. അവന്റെ നീണ്ട കൊമ്പൻമീശയുടെ രണ്ടറ്റങ്ങളും മുകൾഭാഗത്തേക്കു പിരിച്ചു വച്ചിരിക്കയാണു്. മീശയും മുറിവും അവന്റെ കള്ളലക്ഷണത്തിനു് തുക്കം വർദ്ധിപ്പിക്കുന്നതേയുള്ളു. യുദ്ധം കഴിഞ്ഞപ്പോൾ, ഗവർമ്മേൻറിൽനിന്നു് അവനൊരു "മെഡൽ" ലഭിക്കുകയാൽ സീവിൽ ഉദ്യോഗങ്ങൾ വല്ലതും കിട്ടുന്നതിനു് മറുള്ള പട്ടാളക്കാരെപ്പോലെ അവനും അവകാശിയായിത്തീർന്നെങ്കിലും അവന്റെ കൃത്യബോധരാഹിത്യഫലമായി, ലഭിച്ച ഉദ്യോഗങ്ങളിൽനിന്നെല്ലാം പിരിച്ചു വിടപ്പെട്ടിട്ടു് അലഞ്ഞുനടക്കയാൽ, പ്രോവേൻസിലെ നഗരാധിപനുമായി കാണുന്നതിനിടയാവുകയും, അദ്ദേഹത്തെ പറഞ്ഞു കബളിപ്പിച്ചു്, അവി

ടത്തെ ദേവാലയത്തിലെ കപ്യാർ ഉദ്യോഗം അവൻ വാങ്ങിക്കുകയും ചെയ്തു. ഈ ഉദ്യോഗത്തിനു് അദ്ദേഹം ഒരാളെ അന്വേഷിച്ചിരിക്കയായിരുന്നു. "കത്തനാരമ്മാരെ എനിക്കു കണ്ടുകൂടാ, പക്ഷെ, യാചകന്മാർക്കുണ്ടോ തിരഞ്ഞെടുപ്പവകാശമുള്ളു" എന്നാണു് ലൂസർ തന്റെ ഉദ്യോഗത്തെപ്പറ്റി പറഞ്ഞതു്. വേറെ നല്ല തൊഴിൽ ഒന്നും കിട്ടാഞ്ഞതുകൊണ്ടാണു് അവൻ കപ്യാരുദ്യോഗം സ്വീകരിച്ചതു്. അവനെ പിരിച്ചുവിടുവാൻ അച്ചനു മതിയായ കാരണങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും, നഗരാധിപന്റെ കാരുണ്യംകൊണ്ടു് അവൻ ഇങ്ങിനെ കഴിഞ്ഞുപോവുകയാണു്. ഇപ്രകാരമുള്ള ഒരു മനുഷ്യൻ ഈ രംഗത്തിൽ പ്രവേശിച്ചതിൽ ഫ്രാൻസിസ് അച്ചനു് അസ്വാസ്ഥ്യം നേരിട്ടതു് അത്ര അസാംഗത്യമൊന്നുമല്ലല്ലോ. അവന്റെ ആവേശപൂർണ്ണമായ നോട്ടവും അദ്ദേഹം കാണാതിരുന്നില്ല. താൻ നിൽക്കുന്ന പഴക്കംചെന്നതും കേടുപറ്റിച്ചതുമായ കെട്ടിടം, തന്റെ അടുത്തു ഒരു വിളിപ്പാടു സ്ഥലത്തെങ്കും ജനതാമസമില്ലാതിരിക്കുന്ന അവസ്ഥ, മനസ്സാക്ഷിയില്ലാത്ത ഒരു മനുഷ്യന്റെ സാന്നിദ്ധ്യം എന്നിവകളെക്കുറിച്ചുള്ള വിചാരങ്ങൾ അനന്തരക്ഷണത്തിൽ അച്ചന്റെ മനസ്സിൽ പ്രകാശിക്കയാൽ താൻ അറിയാതെതന്നെ അദ്ദേഹം എണീറ്റു് മേശയ്ക്കും ലൂസറിനും ഇടയിലായി വേണ്ടിവന്നാൽ പ്രയോഗിക്കുന്നതിനു് ഒരു ഏകായുധമായ കസേരയിൽ കൈപിടിച്ചുംകൊണ്ടു നിവർന്നുനിന്നു നിശ്ചിതസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു. "ഈ പണം എന്റേതല്ല. വി. യൌസേപ്പിന്റെ സമാജക്കാർ, ഒരു പുതിയ ആതുരപതി പണിയിക്കുന്നതിനായി പിരിച്ചെടുത്തതാണു്. ഇതുകൊണ്ടുപോകുവാൻ നാളെത്തന്നേ കത്രീനാ ഇവിടെ വരുകയും ചെയ്യും".

ഈ സത്തമ പുരോഹിതന്റെ വിചാരങ്ങൾ ഊഹിച്ച ഗ്രഹിച്ച ലൂസർ, ഒരു പരിഹാസ പുഞ്ചിരിയോടേ മറുപടിപറഞ്ഞു. "അരവിടന്നു ഭയപ്പെടേണ്ട. ആ ശപിക്കപ്പെട്ട പ്രഷ്യാക്കാരെപ്പോലെ അച്ചനെ ഞാൻ വിചാരിക്കുന്നില്ല. അവരുടെ കഥ ഞാൻ കഴിച്ചുകളഞ്ഞു. പക്ഷെ സ്വരാജ്യത്തിനുവേണ്ടിയും, യുദ്ധക്കാലത്തും, എല്ലാം പ്രവൃത്തികളും ന്യായമാണു്. സമാധാനകാലത്തു് എങ്ങനെപ്പോലെ നിരുപദ്രവിയായ ഒരാളെ കാണുകയില്ല. ഒരു പൊട്ടനോടുപോലും 'പോടാ' എന്നു ഞാൻ പറയുകയില്ല. നേരേയോ, ഒളിച്ചോ. ഈ കാണുന്ന നൂറു ഫ്രാങ്ക നോട്ടുകളിൽ ഒന്നെങ്കിലും അടിച്ചുകൊണ്ടുപോകത്തക്ക

എം. സി. എസ്. എൽ-ന്റെ മുദ്രാവാക്യം 'വിശ്വാസം, പ്രത്നം, പ്രയത്നം'

നികൃഷ്ടത എന്നിലില്ല. ഈ പണം ആത്മരന്മാർക്കും, നിസ്സഹായർക്കുമാകയാൽ അതിൽ ഒരു പെന്നി പോലും ഞാൻ തൊടുകയില്ല. അച്ചൻ ഈ മാതിരി അവിവേകമായ ഒരു സംശയത്തിനു ഇനിയുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. നിങ്ങളെപ്പോലുള്ള ഭക്തജനങ്ങൾക്കേ ആത്മാഭിമാനബോധമുള്ളൂ എന്നുള്ള തെറ്റിദ്ധാരണകൊണ്ടാണ് ഇങ്ങിനെയെല്ലാം പ്രവർത്തിച്ചുപോകുന്നതു്. ഞാൻ ക്ഷുദ്രാശകൾ സ്വീകരിച്ചിട്ട് ഇപ്പോൾ ഇരുപതോ അതിൽ കൂടുതലോ വർഷമായി എന്നതു ശരിതന്നെ. ഇന്നു കുമ്പസാരത്തെപ്പറ്റി അച്ചൻ പൊടിപൊടിച്ചു പറഞ്ഞ പ്രസംഗത്തിനു ശേഷവും കുമ്പസാരിക്കുവാൻ ഞാൻ ആശിച്ചിട്ടില്ല. എന്നാലും ഈ ആൽബട്ട് ലൂസർ ഒരു പരമാർത്ഥിയല്ലെന്ന് ഒരാളും ഇതേവരെ പറഞ്ഞിട്ടുമില്ല, ഇനി പറയുകയുമില്ല". സ്വാഭിമാന സംരക്ഷണത്തെ ഉദ്ദേശിച്ചു്, ഒരു നടനെപ്പോലെ മാറ്റിൽ അടിച്ചുകൊണ്ടു് അല്പം ഉദ്വേഗത്തോടെയാണ് ലൂസർ ഇതുയും പറഞ്ഞതെങ്കിലും, ഇതിനിടക്കുപോലും ആ പണം തട്ടിയെടുക്കുന്നതിനുള്ള പ്ലാൻ തയാറാക്കുകയായിരുന്ന അവന്റെ മനസ്സിനുണ്ടായിരുന്ന ജോലി. ഇവനെ ചുമതലബോധമുള്ളവനാക്കിത്തീർക്കണമെന്നു മാത്രം ഈ അവസരത്തിലും ആഗ്രഹിച്ച പരമാർത്ഥിയായ ആ പുരോഹിതൻ പറയുന്നു: "എന്റെ സഹോദരാ, തന്നെ ഞാൻ അല്പം നിഷ്ഠുരണമായി പിടിച്ചതിൽ എനിക്കു വളരെ മനസ്സാപമുണ്ടു്. എന്നാൽ ഇരുപതു ഇരുപത്തഞ്ചു കൊല്ലത്തേക്കു ദൈവത്തോടും, സ്വാത്മാവിനോടുമുള്ള നിസ്വാർത്ഥ ചുമതലകളെ കൂസലില്ലാതെ ഉപേക്ഷിച്ചുംവച്ചു ജീവിക്കുന്ന ഒരു മനുഷ്യൻ മനഃശുദ്ധിയുള്ളവനെന്നു പറയുന്നതെങ്ങിനെ എന്നു് ഒന്നു പറഞ്ഞുതരാമോ? അവനവനുതന്നെ ശത്രുവായിട്ടുള്ളവൻ ഇതരന്മാർക്കു സ്നേഹിതനായിരിക്കുമോ?"

"ആകട്ടെ, ആകട്ടെ. ഇന്നു അച്ചൻ വേണ്ടുവോളം പ്രസംഗം പറഞ്ഞില്ലേ? ദൈവം എന്ന ഒരു ആൾ വാസ്തവത്തിൽ ഉണ്ടോ എന്നും, ഉണ്ടെങ്കിൽതന്നെയും, എന്നെയും അച്ചനെയും പോലുള്ള നിസ്സാര ജീവികളെ അദ്ദേഹം വകവയ്ക്കുന്നുണ്ടോ എന്നും ആർക്കറിയാം? പിന്നെ മരണമില്ലാത്ത ആത്മാവിന്റെ കാര്യം; അങ്ങിനെയൊന്നില്ലെന്നു എത്രപേരെ ശാസ്ത്രകാർ തെളിയിച്ചുകഴിഞ്ഞു. എന്നാൽ ഈ കാര്യങ്ങളെപ്പറ്റി അച്ചനുമായി വാദപ്രതിവാദം ചെയ്യാനല്ല ഞാൻ ഇവിടെ

ഈ വാക്യം അതിന്റെ പ്രവൃത്തി പദ്ധതിയെ നല്ലവണ്ണം കാണിക്കുന്നു.

വന്നതു്. ഒരമർത്യമായ ആത്മാവും ഒരു ദൈവവും അച്ചനുണ്ടായിരിക്കും. അച്ചന്റെ ഉദ്യോഗത്തിനടുത്ത ഒരു വിശ്വാസമല്ലേ അതു്"?

ഇത്തരം നിരീശ്വരപരമായ ഉത്തരംകേട്ടതിൽവച്ചുണ്ടായ ന്യായമായ കോപത്തെ അമർത്തിക്കൊണ്ടു് അച്ചൻ പറയുന്നു: "ലൂസറേ, തന്നത്തന്നേ താൻ വിസ്മരിക്കുന്നതിൽ എനിക്കത്ഭുതംതോന്നുന്നു. എന്നോടെന്തു ചോദിക്കുവാനാണിപ്പോൾ താൻ വന്നതു്?"

"അതെ, വാസ്തവംതന്നെ. ദേവാലയത്തിനും സാധുക്കൾക്കുമായുള്ള ഈ വലിയ നിധി കണ്ടപ്പോൾ ഞാൻ വന്നതിനുള്ള കാരണം തീരെ മാന്നുപോയി. അടുത്ത ശനിയാഴ്ചവരെ എനിക്കൊരുവധിവേണം. ഞാനില്ലെങ്കിലും കായ്യം നടത്തുവാൻ അച്ചനെക്കൊണ്ടു സാധിക്കുമല്ലോ. മാഴ്സയിൽസിൽ എങ്ങാണ്ടു് ഒരുദ്യോഗം ഒഴിവു വന്നിട്ടുണ്ടെന്നും കപ്യാരായിരിക്കുന്നതിനേക്കാൾ എനിക്കു യോജിക്കുന്നതു അതാണെന്നും എന്റെ ഒരു സ്നേഹിതൻ എനിക്കെഴുതുകയുണ്ടായി. ഞാൻ ആ എഴുത്തെവിടെ ഇട്ടുവോ" എന്നു പറഞ്ഞു് ഉടുപ്പിന്റെ കീശയിൽ തപ്പിത്തുടങ്ങി.

അച്ചൻ:— "എഴുത്തു കാണിച്ചില്ലെങ്കിലും സാരമില്ല. മാഴ്സയിൽസിൽ ഒപായ്ക്കു് ഉണ്ടു്. അവിടെ തന്റെ ഹിതാനുസാരമായ എന്തെങ്കിലും ഉദ്യോഗം താൻ കാണുമെന്നു ഞാൻ ആശിക്കുന്നു. തന്നെക്കാൾ വളരെ മുൻപേ ഞാൻ സാധാരണ ഉണരുക പതിവായതിനാൽ, ഉണർത്തുമണി എനിക്കു അടിക്കുവാൻ പ്രയാസം നേരിടുകയില്ല. സൂസാന്നാ പള്ളി ഉറക്കുകയും പൂട്ടുകയും ചെയ്യുകൊള്ളും. താക്കോലുകൾ കുശിനിയിലെ മേശപ്പുറത്തു വച്ചേക്കുക. താനെപ്പോഴാണു പോകുന്നതു്?"

ലൂസർ:— "ഇന്നുരാത്രിയിൽതന്നെ പുറപ്പെടും. ലബാനിനായിൽനിന്നു കടവിൽ പോകുന്ന തീവണ്ടിയിൽ കയറണം. അവധി തന്നതിനു ഞാൻ അച്ചനോടു വളരെ നന്ദിയുള്ളവനായിരിക്കുന്നു. അച്ചന്റെ പക്കൽ ഇപ്പോൾ ധാരാളം പണമുള്ളസ്ഥിതിക്കു എനിക്കു കുറെ പണം വായ്പതരാമോ? അധികമൊന്നും വേണ്ട. ആ കാണുന്ന നൂറു ഫ്രാങ്കുനോട്ടുകളിൽ ഒന്നുമതി."

അച്ചൻ:— "കടം കൊടുക്കുന്നതിനും മറ്റും ഈ പണം എന്റെ സ്വന്തമല്ല എന്നു ഞാൻ തന്നോടു നേരത്തെ പറഞ്ഞില്ലയോ? അഥ

കത്തോലിക്കസഭ പഠിപ്പിക്കുന്ന തത്വങ്ങളെല്ലാം ഹൃദയപൂർവ്വം വിശ്വസിക്കണം.

വാ എന്റെതാണെങ്കിൽ തന്നെയും, തനിക്കു കടം തരുകയില്ലെന്നു ഞാൻ തീച്ചപ്പെടുത്തിയിരിക്കയാണ്.”

ലൂസർ:— അതെന്താണ് അങ്ങിനെ? എന്നെ ഒരു കള്ളനായി അവിടന്നു കരുതുന്നെങ്കിൽ, അതു കൊള്ളാം.”

അച്ചൻ:— “തനിക്കു പണം കടംതരുന്നതു എന്റെ നിശ്ചയത്തിനു വിപരീതമായിട്ടുള്ളതാണെന്നു പറയുമ്പോൾ തീർന്നു. പിന്നെ എന്റെ സഞ്ചിയിൽനിന്നു വല്ലതും തനിക്കുപയോഗപ്രദമാകുമെങ്കിൽ ഇതാ, ഇതു തനിക്കു ഔദാര്യമായി ഞാൻ തരുന്നു” എന്നു പറഞ്ഞുകൊണ്ടു പ്രാൻസിസ് അച്ചൻ പെട്ടിതുറന്നു, ഒരു അഞ്ചു പ്രാങ്കുതുട്ട് എടുത്തു ലൂസറിനു കൊടുത്തു. വല്ല വിധേനയും അവനെ പിരിച്ചയക്കണമെന്നു വിചാരിച്ചാണദ്ദേഹമിങ്ങിനെ ചെയ്തതു്. ഈ നാണയം തന്റെ അകത്തെ കോട്ടിന്റെ പോക്കറ്റിലേക്കു ഇട്ടുകൊണ്ടു കപ്യാർ പറഞ്ഞു: “ഞാൻ ഒരു യാചകനല്ലാത്തതിനാൽ, ഇതു് ഒരു ധർമ്മമായിട്ടു സ്വീകരിക്കയില്ല. ഞാൻ ചെയ്ത ജോലിക്കു ലഭിച്ച ന്യായമായ പ്രതിഫലമായിട്ടു ഇതു വകവച്ചിരിക്കുന്നു. താമസിയാതെ എന്റെ പണസംബന്ധമായ പ്രയാസങ്ങളെല്ലാം തീർന്നുപോകും. ലൊറെയിനിലുള്ള എന്റെ ഒരു ഇളയമ്മ മരിക്കാറായിരിക്കുന്നു. അവർ വളരെ സമ്പത്തുകാരിയാണ്. എനിക്കും വല്ലതും അവർ എഴുതിക്കൊടുത്തിട്ടുണ്ടായിരിക്കയില്ല. അച്ചനോടു യാത്രപറയുന്നു. ഞാൻ ഇറങ്ങട്ടെ” അനന്തരം അവൻ അച്ചന്റെ മുൻപിൽ നല്ലതുപോലെ ഒന്നു കുനിയുകയും, മേശപ്പുറത്തെ പണത്തിന്മേൽ ഒരു കുറിക്കുടി ദുർമ്മോഹത്തോടെ നോക്കുകയും ചെയ്തിട്ടു അവിടെനിന്നും ഇറങ്ങിപ്പോയി.

അച്ചൻ ആശ്വാസത്തോടെ ഒരു ദീർഘശ്വാസംവിട്ടു. “ദൈവത്തിനു സ്തുതി. ഹാ! വഞ്ചകനായ ആ മനുഷ്യൻ ഇവിടംവിട്ടു പോയല്ലോ. ഇതുപോലെ പണം എന്റെ പക്കലുണ്ടെന്നു അവൻ മനസ്സിലാക്കിയ സ്ഥിതിക്കു ഈ രാത്രി അവനെ രുചിച്ചു ഈ കെട്ടിടത്തിൽ കഴിക്കുന്നതു ആപൽക്കരമാകുമായിരുന്നു. ഞാൻ ഈ പറയുന്നതു അവനൊരു ദ്രോഹമാണെങ്കിൽ, ദൈവമേ എന്നോടു നീ ക്ഷമിക്കണമേ. എന്നാൽ അവനിൽ എനിക്കൊട്ടും വിശ്വാസം തോന്നുന്നില്ല. പോകുന്നെന്നു നടിച്ചുംവച്ചു ഒരുപക്ഷേ രാത്രിയിൽതന്നെ മടങ്ങിവന്നു വല്ലതും ഉപ

ഈ മൂന്നുതലയേയാണ് ‘വിശ്വാസം’ എന്ന പദം കാണിക്കുന്നതു.

ദേവം ഉണ്ടാക്കുവാൻ അവൻ മടിക്കുന്നവനല്ല. അതുകൊണ്ടു നഗരാധിപനെ ഈ പണമേൽപ്പിക്കുന്നതായിരിക്കും രക്ഷയ്ക്കു ഉത്തമമായ മാർഗ്ഗം. മാത്രമല്ല; ഇതേവരെ എല്ലാ സംഗതികളിലും എനിക്കെതിരായി പ്രവർത്തിച്ചുവരുന്ന ആ ഉദ്യോഗസ്ഥനെ കൂടെക്കൂടി പ്രീതിപ്പെടുത്തുന്നതിനും ഇതൊരു വഴിയായിത്തീരുകയുംചെയ്യും."

ഇങ്ങിനെ തന്നിയെ പറയുന്നതിനിടയ്ക്കു പണം ഒരു പ്രാവശ്യം കൂടി ധൃതിയിൽ എണ്ണി, തിട്ടപ്പെടുത്തി. മുഖപ്പും വെള്ളപ്പും ഇടകലർന്നുള്ള നിറത്തോടുകൂടിയ തന്റെ വലിയ കൈത്തണ്ടകളിൽ ഒന്നിൽ ഭംഗിയായികെട്ടി, മേശവലിപ്പിൽത്തന്നെ തല്ക്കാലത്തേക്കുവച്ചു, മേശയുടെ താഴിൽനിന്നു താക്കോൽ വലിച്ചെടുക്കുന്ന മാത്രയിൽ, ഒരു ബാലന്റെ സന്തോഷഭരിതവും വ്യക്തവുമായ സ്വരം തുറന്നുകിടന്ന ജനലിൽക്കൂടി കേൾക്കപ്പെട്ടു. പുറത്തേക്കു നോക്കിയപ്പോൾ, പ്രാൻസിസ് അച്ചന്റെ പ്രിയ മാതാവും, സഹോദരിയുടെ രണ്ടു കുട്ടികളുംകൂടി പള്ളിമുറ്റത്തുകൂടെ നടന്നുവരുന്നതുകണ്ടു, ആനന്ദബാഷ്പപൂർണ്ണമായ കണ്ണുകളോടുകൂടി "അതു വാസ്തവത്തിൽ എന്റെ അമ്മച്ചിതന്നെയാണോ" എന്നു അത്യുച്ചം വിളിച്ചു ചോദിച്ചു.

മറിയാ:— "ഞാൻതന്നെയാണെന്റെ മകനേ. ഇപ്പോൾ നിനക്കു നല്ല സുഖവും സന്തോഷവുമുണ്ടെന്നാണെന്റെ വിശ്വാസം. എന്നാൽ ഞാൻ ഇപ്പോൾ പണ്ടു കണ്ടതുപോലല്ല." മകനും അമ്മാച്ചനു വന്ദനംപറഞ്ഞു. അച്ചൻ മുറിയുടെ വാതിൽ അടയ്ക്കാതെ, അമ്മയേ അകത്തുകൊണ്ടുവരാനായി, വെളിച്ചമില്ലാതിരുന്ന "കൊറിദോർ" വരാന്തയിൽക്കൂടി ധൃതിയിൽ നടപ്പടികളിൽ എത്തി. അപ്പോൾ ആ സ്ത്രീ, പുറക്കെട്ടിടത്തേയും അകക്കെട്ടിടത്തേയും തമ്മിൽ യോജിപ്പിക്കുന്ന വളഞ്ഞ ആനവാതിൽക്കൽ ആയിരുന്നു. അവരെ പുത്രൻ പിടിച്ചു ആലിംഗനംചെയ്തു ചുംബിക്കയും, അന്ധകാരത്തിൽനിന്നും അസൂമനസൂയ്യപ്രകാശമുള്ള പുറത്തുകൊണ്ടുവന്നു ആപാദമൂധം ഒന്നു സൂക്ഷിച്ചു നോക്കുകയുംചെയ്തു. എറ്റുകൊണ്ടെന്നാൽ മതിവരും പുത്രനും തമ്മിൽ കണ്ടിട്ടു മാസം കുറെ ആയിരുന്നു.

"കഴിഞ്ഞ വർഷകാലം എന്നെ ഒട്ടും സുഖമാക്കിയില്ല, അല്ലേ? ഞൊറിച്ചിലു പിടിച്ചതുനോക്കൂ. എന്റെ തലമുടി മുഴുവനും വെള്ളി

ആ തത്വങ്ങളെ വിശ്വസിച്ചാൽ പോരാ. അവയെ പരിചുറിയണം.

കുമ്പികളായി" എന്നു അമ്മ പറഞ്ഞു. തലമുടി അമ്മയ്ക്കു വളരെ യോ ജിച്ചിരിക്കുന്നു. ഒന്നൊന്നിച്ചിലുകളൊന്നും സാരമില്ല. അവ കളഞ്ഞു്, മിനുസപ്പെട്ട തടിച്ച കവിൾത്തടങ്ങൾ അമ്മക്കുണ്ടാകുമോ എന്നു ഞാൻ നോക്കട്ടെ. അമ്മേ, ഒരു നല്ല വർത്തമാനമുണ്ടു. എന്താനും വാരങ്ങൾക്കുള്ളിൽ അമ്മക്കിഷ്ടപ്പെട്ട രീതിയിൽ കുറെ മുറികൾ ഇവിടെ ഞാൻ ശരിപ്പെടുത്തും. ഇപ്പോൾ എനിക്കു പണം കുറെ കുറവാണു. അതിരിക്കട്ടെ. വരൂ. നമുക്കു മുകൾത്തട്ടിൽ പോകാം. അമ്മയുടെ പേക്കു കുറെ 'സ്ട്രോങ്ങ്' കാപ്പി അനത്തണം. ചാർൽസേ, ഇതാ ഇതുംകൊണ്ടു ഓടി തെരുവിലുള്ള മൂന്നാമത്തെ ഷാപ്പിൽനിന്നു കുറെ ബിസ്ക്കറും അരഡസൻ നല്ല കേക്കുകളും വാങ്ങിക്കൊണ്ടു വേഗം വരുക. യൂലിയാ, നീവന്നു കാപ്പി ശരിപ്പെടുത്തുവാൻ ഉത്സാഹിക്കുക; വല്യമ്മയേ സഹായിച്ചേ" എന്നു അച്ചൻ പറഞ്ഞു.

"ആഹാ, ഞാൻ തന്നത്താൻ കാപ്പി അനത്താമല്ലോ. നല്ല കാപ്പിയായിരിക്കും." എന്നു ആ ബാലിക മുറുപടി പറഞ്ഞു് കുശിനിയിലേക്കും ബാലൻ സന്തോഷംകൊണ്ടു മതിമറന്നു കടയിലേക്കും ഓടിപ്പോയി. "സൂസാന്നമ്മേ കാപ്പിപ്പൊടി ഇവിടെയെങ്ങും വച്ചേച്ചുല്ലേ പോയതു?" എന്നു യൂലിയാ പിന്നെയും വിളിച്ചു ചോദിച്ചുകൊണ്ടു നേരെ മുകളിലേക്കു ഓടി. അവൾക്കു അവിടെ നല്ല പരിചയമായിരുന്നതുകൊണ്ടു, "മകളേ, ഉടുപ്പു ചിത്തയാക്കി കളയാതെ ഒരു മേൽവസ്ത്രം വല്ലതും നിന്റെ അങ്കിയുടെ പുറമേ ചുറ്റിക്കൊള്ളണം, കേട്ടോ." എന്നു വല്യമ്മ പറഞ്ഞതു കേൾക്കുവാൻ മാത്രമേ അവൾ ഇടയ്ക്കു നിന്നുള്ളു. ആ സമയംകൊണ്ടു അമ്മയെ സാവധാനത്തിൽ അവരുടെ വാത്സല്യപൂർണ്ണമായ ആശ്രമത്തിന്റെ മുകൾത്തട്ടിലുള്ള തന്റെ മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി.

ഫാദർ വാൾട്ടർ എലിയട്ടു് അവർകൾ വൃദ്ധാമത്തെ വയസ്സിൽ വാഷിംഗ്ടണിൽവച്ചു മരിച്ചുപോയിരിക്കുന്നു. ഇദ്ദേഹം പൗലോസ് അപ്പസ്തോലന്റെ സംഘത്തിൽപെട്ടവനും നല്ല ഗദ്യകാരനുമാണു്. മിഷ്യനറി എന്ന പത്രം അദ്ദേഹമാണു തുടങ്ങിയതു്. "കത്തോലിക്കാലോക"ത്തിന്റെ അധിപരായും ഇരുന്നു.

ഈ മുമതലയേയാണു് 'പാനം' എന്ന പദത്താൽ നിർദ്ദേശിക്കുന്നതു.

മാത്തോമാദിനം.

(ഗാഥ)

(പീറ്റർ കളപ്പുരയ്ക്കൽ, കടവന്ത്ര)

പക്ഷികളാനന്ദ ഗീതങ്ങൾ പാടിയു
മക്ഷികൾ ഭ്രമരലെ ചേത്തുകൊണ്ടും
പക്ഷങ്ങൾ രണ്ടും വിരിച്ചുമതുകളാ-
ലക്ഷീണം താളംപിടിച്ചുകൊണ്ടും
വാഴുന്ന "തോമസപ്പോസ്തല" നിണ്ണയ്ക്കു
ചേത്തസുകൃതത്തെ മോത്തുനിത്യം
പോരെങ്കിലിന്നുള്ളുഷസ്സുമത്താപസ
വീരനെത്തന്നെ യനുസ്മരിപ്പാൻ
കേരളവാസികൾ നീക്കിവച്ചീടിന
സാരദിനത്തിൻെറതാകുകയാൽ
വാടിക പുഞ്ചിരിക പൂക്കളിതാനിര-
ന്നാടുന്ന നാടകൾ നീളെ നീളെ!
മല്ലിക, മുല്ലകളുല്ലാസം ചേർക്കുമി
നല്ലദിനത്തിന്നു മോടികൂട്ടാൻ
നാളെയ്ക്കായ് നിന്ന പലമലർ ൈവട്ടകൾ
ഇന്നു വിടർത്തിനിരത്തിവച്ചു.
പാരിടം മൂടിപ്പുതഞ്ഞിടതിങ്ങിയ
ചാരു തൃണങ്ങൾ പാരമ്പിലെങ്ങും
കേടുകൂടാതെ വളർന്ന "കാറ്റുറു"തോ-
റീടുന്നെന്നോതുന്ന നാടിതെങ്ങും.
ബാല ചാപല്യങ്ങൾ തീർന്നുള്ളിലെയതാം
ഞാറുകളാലെ വയലുകളും
ഹാ! രമ്യം പച്ചപ്പുതിടവനിതലം
നേരിൽ പൂതപ്പിച്ചുതിദ്ദിനത്തിൻ
വന്മാഹാത്മ്യം പുലർത്തീടുവാനല്ലാതെ
വല്ലൊന്നി നല്ലെന്നു ചൊല്ലുന്നിന്നു;

യിശപാസിക്കയും പറിച്ചുനടുകയും ചെയ്യുതിനെ പ്രവൃത്തിയിൽ വരുത്തണം.

നാളീക പ്പൂപ്പുകൾ നീളെ നിരന്നുവി
രിഞ്ഞുനിന്നീടുന്നാപ്പൂക്കളെല്ലാം
താളത്തിനൊത്തു തലയാട്ടിക്കാണിക്കും
സമ്മത മിമ്മതമൊന്നുതന്നെ !
ഇണ്ടൃയിൽ ക്രിസ്തുമതം വിതച്ചീടുവാൻ
ഇണ്ടലകന്നു പറന്നുവന്ന
ആവിശുദ്ധന്റെ ദിനത്തിലിതാനിന്നു
ദൈവസ്തുതിചെയ്തു ! മൊട്ടുപൂക്കൾ;
തേങ്കുളിർ തെന്നലിലാഞ്ഞുലഞ്ഞാടുന്ന
പൂങ്കാവനത്തിലെ രോജാപ്പൂക്കൾ
ഇന്നലെ താഴത്തുതിന്നുവീഴേണ്ടതു-
മിന്നത്തെക്കായിട്ടറച്ചുനിൽപ്പു !
നാണമേറീടും മണവാട്ടിമാരെപ്പോൽ
കാണുമക്കൈതകൾക്കുള്ള പൂക്കൾ
നാണിച്ചുവർ തലതാഴ്ത്തി നില്ക്കുന്നതായ്-
കാണികളാരും നിനച്ചിടേണ്ട
മാതൃകാ യോഗിയെ കൈരളിക്കായ്തന്ന
താതനെ കുമ്പിട്ടു നില്പതത്രെ !
കൈതകളോടു സഹിതപമാന്നങ്ങിനെ
കൈതവമറിയാ ഭക്തിപൂവ്വം
നില്ക്കുന്ന നമ്രമുഖത്തോടവനിയിൽ
നല്ലുല പൂണ്ടേറെ വാഴവഗ്ഗം.
കേരളത്തിൻനാമ ഹേതുക്കളായുള്ള
കേര വൃക്ഷങ്ങളെ ! നിങ്ങളാരും
ഓലകളാലിന്നു 'പങ്കക'ളാട്ടേണ്ട !
ആലസ്യം ഞങ്ങളിലാക്കുമില്ല.
വന്നാലും വന്നാലും പക്ഷികളെ ! നിങ്ങൾ
ഇന്നുനാമൊന്നിച്ചു പാടുവാനായ്
കൂട്ടിൽ പിടിച്ചടച്ചിടുന്നതല്ലെല്ലാ
കൂട്ടുകാർ നിങ്ങളെ യിന്നുഞങ്ങൾ
വന്നാലും വന്നാലും പുഷ്പങ്ങളെ ! നിങ്ങൾ
ഇന്നിവരോടു ചേന്നാടുവാനായ്

ഈ മൂന്നുവരിയേയാണ് 'പ്രയത്നം' എന്ന പദം വിവക്ഷിക്കുന്നതു.

ശാഖകളിൽനിന്നറുക്കുന്നതല്ലിവർ
ശേഖരിച്ചിന്നു നിരത്തുവാനായ്
ആനന്ദത്തിന്നതിരില്ലാത്തീനാളിൽ നാം
മാനസം വെവ്വേറായ് നിന്നീടേണ്ടാ !
വൻത്യാഗികൾപോറ്റും സന്തോമാസിൻപാദം
ചിന്തിച്ചു മേവുന്നീക്കേരളിയർ
ആ മഹൽത്യാഗി വിതച്ചവിത മേൽമേൽ
ആമയമറുവളർന്നുകൊൾവാൻ
വേണ്ടതുപോൽ വളമിട്ടുനനക്കുവാൻ
കുണ്ഠത വിട്ടവരൊന്നുചേർന്നു
ഉൽസുകരാകുവാൻ ദൈവം തുണക്കട്ടെ !
ക്രിസ്തുരാജൻ വിജയിച്ചിടട്ടെ !

തെക്കേആഫ്രിക്കയിലെ പഴയ ആംഗ്ലിക്കൻ മിഷ്യനറിയായ ഫാദർ എം. എം റാസെ ഒ. എസ്. എം. ഇതിനിടെ കത്തോലിക്കാസഭയിൽ ചേരുകയും സിറ്റുസർലണ്ടിൽ മിഷ്യനറിപ്രവൃത്തിയ്ക്കു പോകയും ചെയ്തിരിക്കുന്നു.

* * * *

മെക്സിക്കോവിൽ "ക്രൂബിലെറ്റ്ഹിൽ" എന്ന കുന്നിൻപുറത്തു ക്രിസ്തുരാജന്റെ സ്മരിക്കായി പണിയപ്പെട്ടിരുന്ന ജാതീയസ്മാരകസൗധം അവിടത്തെ മതദ്വേഷികളായ പട്ടാളക്കാർ തകർത്തുകളവാൻ ശ്രമിക്കുന്നതു കത്തോലിക്കനായ ഒരു സായുധനവ്യുവും രണ്ടു കുട്ടികളും കണ്ടു. ഭടന്മാർ ഒരു വലിയ പാപംചെയ്യുന്നതിനു ഒരുങ്ങുന്നതുകണ്ടു അവർ കല്ലുപെറുക്കി എറിഞ്ഞു. ഭടന്മാർ ആ സായുധനേയും കിടങ്ങളേയും വെടിവെച്ചു കൊല്ലുകയും സൗധം തകർക്കുകയും ചെയ്തിട്ടേ പിൻമാറിയുള്ളു.

* * * *

അമേരിക്കയിൽ അന്യരാജ്യക്കാർക്കു കുടിയേറിപ്പാർക്കുന്നതിനു സൗകര്യമില്ലെങ്കിലും കത്തോലിക്കരുടെ സംഖ്യ കഴിഞ്ഞകൊല്ലത്തെക്കാൾ ഏതാനും,൦൦൦ വർദ്ധിച്ചിട്ടുണ്ട്. ആകപ്പാടെ അമേരിക്കയിൽ ഇപ്പോൾ ൧൯,൩൨൭,൦൦൦ കത്തോലിക്കരാണുള്ളതു്.

ഈ മൂന്നു മുമതലകളും നിർവഹിക്കുന്നവൻ ഉത്തമകത്തോലിക്കനാകുന്നു.

സമസൃഷ്ടിസ്നേഹം വൃഥാവിലാകയില്ല.

(ഒരു സംഭവകഥ)

സി. എ. മാത്യു, കല്ലൂർ.

ഫ്രെഞ്ചി-ാമാണ്ട് സെപ്റ്റംബർമാസം ഫ്രാംന്നു പ്രെസ്സുൺപാൻസ് എന്ന സ്ഥലത്തുവെച്ചു ഒരു ഭയങ്കര യുദ്ധമുണ്ടായി. ഇംഗ്ലാണ്ടിലെ രാജാവായിരുന്ന രണ്ടാം ജോർജ്ജിന്റെ സൈന്യങ്ങളും കത്തോലിക്കവിശ്വാസം ഹേതുവായി സിംഹാസനം നഷ്ടപ്പെട്ട രണ്ടാം ജെയിംസ് രാജാവിന്റെ പുത്രന്റെ കീഴിൽ തല്ക്കാലം കൂട്ടിച്ചേർക്കപ്പെട്ട ഒരു ചെറു സൈന്യവുംതമ്മിലായിരുന്ന ആ യുദ്ധം. ദീർഘമായ പരിശീലനത്താലും വിശേഷതരമായ ക്രമീകരണത്താലും സുശിക്ഷിതരായ ഇംഗ്ലീഷു സൈന്യം തങ്ങളോടു നേരിട്ട സ്കോട്ട്ലാണ്ടിലെ അപരിഷ്കൃതരായ ജനസമൂഹത്തെ വളരെ പുഷ്പത്തോടുകൂടിയാണ് എതിർത്തതു. എങ്കിലും കുറെനേരത്തെ യുദ്ധത്തിനുശേഷം ആദ്യം കുതിരപ്പടയും പിന്നാലെ പീരങ്കിപ്പടയും ഓട്ടംതുടങ്ങി. കാലാൾ സൈന്യമാകട്ടെ പിന്തിരിയാതെനിന്നു ധീരധീരം പോരാടിയെങ്കിലും ഒടുവിൽ അവരെല്ലാവരുംതന്നെ മരിക്കയോ മുറിവേല്ക്കയോ ചെയ്കയാൽ അന്നത്തെയുദ്ധം രാജ്യഭ്രഷ്ടനായ രാജകുമാരനു ഒരു വലിയ വിജയംതന്നെയായിരുന്നു.

രാജകുമാരന്റെ താല്ക്കാലിക സൈന്യത്തിൽ മാക്കിൻടോഷ് എന്നു പേരുള്ള ഒരു കൊല്ലപ്പണിക്കാരനുണ്ടായിരുന്നു. എഡിൻബറോപട്ടണവാസിയായ ഈ മനുഷ്യൻ പുരാതന രാജകുടുംബത്തോടുള്ള സ്നേഹംകൊണ്ടു രാജകുമാരന്റെ സൈന്യത്തിൽ ചേരുകയും അയാളുടെ വാളിനു അന്നു അനേകംപേർ ഇരയാകയും ചെയ്തെങ്കിലും സ്വതേതന്നെ ആർദ്രശീലനും നിഷ്കളങ്കനും സത്യവാനുമായിരുന്നു. ഇംഗ്ലീഷു പീരങ്കിസൈന്യം ഓട്ടംതുടങ്ങിയപ്പോൾ ഒരു ചെറുപ്പക്കാരനായ ഉദ്യോഗസ്ഥൻമാത്രം നിരയിൽനിന്നു തന്റെ ജോലിചെയ്വാൻ ശ്രമിക്കുന്നതു കണ്ടു, കഴിയുമെങ്കിൽ ആ യുവാവിന്റെ പ്രാണത്തെ രക്ഷിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി മാക്കിൻടോഷ് അയാളുടെ അടുത്തുചെന്നു അനാവശ്യമായി ജീവനാശം വരുത്താതെ കഴിയുവാൻവേണ്ടി മറ്റുള്ളവരെപ്പോലെ ഓടുകയാണു നല്ലതെന്നു ഉപദേശിച്ചു. മറുപടിയായി

അതിനാൽ എം. സി. എസ്. എൽ. നല്ല കത്തോലിക്കരെ ഉണ്ടാക്കും.

ആ ചെറുപ്പക്കാരൻ മാക്കിൻടോഷിന്റെ തലയെ ലക്ഷ്യംവച്ചു ശക്തിയോടുകൂടി ഒന്നു വെട്ടി. അയാൾ അതിൽനിന്നു ഒഴിഞ്ഞു മാറുകയും അടുത്തക്ഷണത്തിൽ അനേകം സ്കോട്ട്ലാണ്ടുകാർ ആ ചെറുപ്പക്കാരനെ വളയുകയും ചെയ്തു. അപ്പോൾതന്നെ ആ ചെറുപ്പക്കാരന്റെ കഥ കഴിപ്പാൻ തുനിഞ്ഞ ഭടന്മാരെ പറഞ്ഞു സമാധാനപ്പെടുത്തുന്നതിനിടയിൽ അയാൾ മോഹാലസ്യപ്പെട്ടുപോയതായിട്ടാണ് മാക്കിൻടോഷ് കണ്ടതു. ഉടനെ അയാൾ ആ യുവാവിനെ തോളിൽ എടുത്തു യുദ്ധഭൂമിയുടെ അതുത്തി കടത്തിവിട്ടതിനുശേഷം തന്റെ സൈന്യത്തോടു യോജിച്ചു രാജകീയസൈന്യങ്ങളെ പിന്തുടർന്നു.

പരിഷ്കൃതലോകത്തിനു അത്ഭുതം ജനിപ്പിക്കത്തക്കവിധം രാജകുമാരന്റെ സൈന്യം ഇംഗ്ലീഷുസൈന്യത്തെ തോല്പിച്ചു ലണ്ടൻ പട്ടണത്തിനു ഫാരാമൈൽവരെയടുത്തു. ഒടുവിൽ കല്ലഡൻ യുദ്ധത്തിൽവച്ചു രാജകുമാരൻ എന്നെന്നേക്കുമായി തോല്പിക്കപ്പെടുകയും അദ്ദേഹത്തിന്റെ സൈന്യം ചിതറിപ്പോകയും ചെയ്തു. അദ്ദേഹം ജീവരക്ഷാർത്ഥം ഒളിച്ചോടിയപ്പോൾ ശേഷിച്ച സൈന്യങ്ങൾ താന്താങ്ങളുടെ വഴിക്കുപോയി. അപ്പോൾ മാക്കിൻടോഷ് സ്വഗൃഹത്തിലേക്കു തിരിച്ചു. എന്നാൽ വീട്ടിനു സമീപത്തെത്തിയപ്പോൾ രാജഭടന്മാർ രാജദ്രോഹകുറ്റം ചുമത്തി അയാളെപിടിച്ചു തടവിലാക്കി.

അക്കാലങ്ങളിൽ രാജദ്രോഹികളെ പിടിച്ചാൽ മരണശിക്ഷ കൊടുക്കുകയെന്നതു പതിവായിരുന്നു. വിസ്താരവും മറ്റും പേരിനു വേണ്ടിമാത്രം നടത്തിവന്നു. അതിനാൽ മാക്കിൻടോഷ് താമസിയാതെ മരണശിക്ഷക്കു വിധിക്കപ്പെട്ടു. എങ്കിലും അപ്രകാരം വിധിക്കപ്പെട്ടിരുന്നവർ അനേകായിരം ആയിരുന്നതിനാലും ഏതൽ അധികംപേരെ വധിക്കാൻ ഒരു ദിവസംകൊണ്ടു കഴിയാതിരുന്നതിനാലും മാക്കിൻടോഷ് തന്റെ ഊഴം പ്രതീക്ഷിച്ചുകൊണ്ടു വളരെനാൾ ജയിലിൽ കഴിച്ചുകൂട്ടേണ്ടിയിരുന്നു ഒടുവിൽ അയാളുടെ ഊഴംവന്നു. പിറ്റെദിവസം കാലത്തു ആറുമണിക്കു താൻ വധിക്കപ്പെടുമെന്നു അയാളെ അധികാരികൾ ഒരു ദിവസം അറിയിച്ചു.

മാക്കിൻടോഷ് മരണത്തെ ഭയപ്പെട്ടില്ല. എന്നാൽ താൻ ദീർഘനാളായി കണ്ടിട്ടില്ലാതിരുന്ന ഭാര്യയേയും കുട്ടികളെയും മരിക്കുന്നതിനു മുമ്പു ഒന്നുകൂടി കാണാൻ അയാൾ അധികം ആഗ്രഹിച്ചു. അന്നു രാത്രി

അവസാന അത്താഴം കൊണ്ടുവന്ന ജയിലരോടു അയാൾ തന്റെ ആഗ്രഹം അറിയിച്ചു. മാക്കിൻടോഷിനെ ചെറുപ്പത്തിലെ അറിയുന്നവനും അയാളെ വിശ്വസിച്ചും ബഹുമാനിച്ചും വന്നവനുമായ ജയിലർക്കു അയാളോടു വളരെ സഹതാപം ഉണ്ടായി. മാക്കിൻടോഷിന്റെ വാശത്തമനുസരിച്ചു പിറ്റെദിവസം വെളിച്ചമാകുന്നതിനുമുമ്പു ജയിലിൽ മടങ്ങിവരുമെന്നു വിശ്വസിച്ചു ജയിലർ അന്നു അർദ്ധരാത്രിയായപ്പോൾ അയാളെ മുറിതുറന്നു വിട്ടു.

മാക്കിൻടോഷ് വീട്ടിലെത്തി. അയാൾ എങ്ങിനെ ജയിലിൽ നിന്നു രക്ഷപെട്ടു എന്നു മനസ്സിലാകാതെ അന്ധാളിച്ചുനിന്ന ഭാര്യയെ മുറുക്കത്തിൽ കായ്ങ്ങൾ മനസ്സിലാക്കി. പിറ്റെദിവസം കാലത്തു വധിക്കപ്പെടുവാൻവേണ്ടി ജയിലിലേക്കു അപ്പോൾതന്നെ മടങ്ങേണ്ടിവരുമെന്നു അയാൾ പറഞ്ഞപ്പോൾ ആ സാധുസ്ത്രീ വല്ലാതെ വ്യസനിച്ചു. എങ്ങിനെയെങ്കിലും പ്രാണരക്ഷാർത്ഥം ഒളിച്ചുപോകേണമെന്നു അവൾ അപേക്ഷിച്ചതു അയാൾ വകവച്ചില്ല. തന്റെ വാശത്തമനുസരിച്ചു ജയിലിലേക്കുതന്നെ മടങ്ങാൻ തീർച്ചയാക്കി അയാൾ കുട്ടികൾ കിടക്കുന്ന മുറിയിൽചെന്നു അവരെകണ്ടു മടങ്ങിവന്നു തന്റെ ഭാര്യയോടുകൂടി അവസാന സംഭാഷണത്തിനു ഇരുന്നു. അത്യന്തം സന്താപകരമായിരുന്ന ആ സംഭാഷണമദ്ധ്യേ അയാൾ വ്യസനംകൊണ്ടും ക്ഷീണംകൊണ്ടും ഉറങ്ങിപ്പോയി. ഈ ദൈവത്താൽ അയക്കപ്പെട്ട ഉറക്കംതന്നെയെന്നു കരുതി ഭാര്യ അയാളെ ഉണർത്തിയില്ല. ഇങ്ങിനെ നേരം വെളിച്ചമാകുന്നതുവരെ ഉറങ്ങി.


കാലത്തു ആറുമണിക്കു ജയിലിൽ വലിയ ബഹളമായി. ജയിലർ ബോധംകെട്ടുവീണു. മാക്കിൻടോഷിനെ വിട്ടയച്ച കുറ്റത്തിനു ജയിലർ അയാളുടെ സ്ഥാനത്തു മരിക്കേണമെന്നു അധികാരികൾ തീർച്ചയാക്കി. അതനുസരിച്ചു കൊലവണ്ടിയിൽ കയറ്റി മറുതടവുകാരോടൊപ്പം ജയിലരേയും കൊണ്ടുപോയി.

വണ്ടി കൊലസ്ഥലത്തിന്നടുത്തു. അപ്പോൾ ഒരാൾ അതിവേഗത്തിൽ ഓടി വണ്ടിയോടടുത്തു. "ടോം, നീ ഇരിക്കുന്നതു എന്റെ സ്ഥാനത്താണു്. അതു എനിക്കുതന്നെ തരണം" എന്നു പറഞ്ഞുകൊണ്ടു നമ്മുടെ മാക്കിൻടോഷ് വണ്ടിയിൽ ചാടിക്കയറി ടോം എന്ന പേരുള്ള ജയിലരെ എടുത്തു താഴെനിറുത്തി. ഇതിനിടയിൽ സംഗതിയെന്തെ

കൊല്ലത്തിൽ ഒരിക്കൽ മൂന്നു ദിവസത്തെ ധ്യാനമെങ്കിലും കഴിക്കണം.

ന്നു അറിവാൻ ജനങ്ങൾ തിക്കിക്കൂടി. തടവുകാരെ നയിപ്പിച്ചിരുന്ന പട്ടാളത്തിന്റെ നായകനായി ആയിടെ നിയമിക്കപ്പെട്ട ഒരു ചെറുപ്പക്കാരൻ ഉദ്യോഗസ്ഥൻ ഈ ബഹളംകണ്ടു അവിടെയെത്തി. ഉദ്യോഗസ്ഥനും മാക്കിൻടോഷും പരസ്പരം നോക്കി. അന്നു മാക്കിൻടോഷ് മരണത്തിൽനിന്നു രക്ഷിച്ച ചെറുപ്പക്കാരനായ ഉദ്യോഗസ്ഥൻ (എൽജിൽപ്രട്ട) ആയിരുന്നു അതു. അദ്ദേഹം മാക്കിൻടോഷിനേയും ജയിലരേയും തല്ക്കാലം വധിക്കേണ്ടയെന്നു കല്പനകൊടുത്തു. മറ്റു വിധികൾ മുറപ്രകാരം നടത്തുകയും ചെയ്തു.

എൽജിൽപ്രട്ട ഉടനെ ലണ്ടനിലെത്തി രണ്ടാം ജോർജ്ജു രാജാവിനെ സംഗതികളുടെ സത്യാവസ്ഥ ഗ്രഹിപ്പിച്ചു മാക്കിൻടോഷിന്നും ജയിലധികാരം മാപ്പുകൊടുക്കുവാൻ അദ്ദേഹത്തോടു അപേക്ഷിച്ചു. മഹാമനസ്കനായ രാജാവാകട്ടെ മാക്കിൻടോഷിന്റെ സമസൃഷ്ടിസ്നേഹവും സത്യസന്ധതയും അറിഞ്ഞു സന്തോഷിച്ചു രണ്ടുപേർക്കും മാപ്പുകൊടുത്തു സ്വതന്ത്രരാക്കി. അന്നു മാക്കിൻടോഷ് വീട്ടിലെത്തിയപ്പോൾ അയാളുടെ ഭാര്യയും കുട്ടികളും അനുഭവിച്ച ആനന്ദാശ്രുതരങ്ങൾ വായനക്കാർ ഊഹിക്കതന്നെവേണം.



"കൊല്ലംതോറും ഒരുശോയുടെ എത്രയും പരിശുദ്ധഹൃദയത്തിന്റെ തിരുനാളിൽ ലോകമാസകലമുള്ള എല്ലാപള്ളികളിലും, ഈ ലേഖനത്തോടുചേർത്തു പരസ്യം ചെയ്തിട്ടുള്ള പരിഹാരജപം തന്നെ ആഹ്ലാദപൂർവ്വം ചൊല്ലണമെന്നു നാം തീർമാനിക്കയും കല്പിക്കയും ചെയ്യുന്നു. അതിന്റെ ഫലമായി നമ്മുടെ സകല കുറ്റങ്ങളും കണ്ണുനീരിനാൽ കഴുകാവുന്നതും നമ്മുടെ എത്രയും സ്നേഹമുള്ള കർത്താവും അത്യുന്നത രാജാവുമായ മിശിഹായുടെ അധികാരാവകാശങ്ങളെ ലംഘിക്കുന്നതിനു പരിഹാരം ചെയ്യാവുന്നതുമാണ്".

(ഫ്രാം പിയൂസ് മാപ്പാപ്പാ.)

കഴിഞ്ഞകൊല്ലത്തിൽ കത്തോലിക്കാ തിരുസഭയിൽ ആകപ്പാടെ പതിനൊന്നു പുതിയ ശ്രുതകളും അഞ്ചു പ്രീലെക്ടരാത്തുകളും മൂന്നു വികാരിയാത്തുകളും ഉണ്ടായിട്ടുണ്ട്.

ധ്യാനദിവസങ്ങളിൽ നമ്മൾ ലോക കാര്യങ്ങളിൽനിന്നു വിരമിക്കുന്നു.

മാതൃഗീതം.

ജി. ജെ. മാപ്പുകൾ. ഒരു വിദ്യാർത്ഥി.

(കല്യാണി. പാവനമധുരാനിലയേ എന്ന മട്ട്.)

പല്ലവി.

മാനവപരിപാലകിയേ,
വാനരാജത്തനയേ.

അനുപല്ലവി.

നിൻതിരുക്കടാക്ഷാമൃതം
മേ പൊഴിക്കുക നിഭൃതം.

ചരണങ്ങൾ.

1. താവക പാവനചരണം - മാമക ഭാവുകശരണം;
ഈഭവസാഗരതരണം - ചെയ്വാൻ തുണയരുളേണം
ദീനദയാപരിയേ - മാനിനീ! മരിയേ (മാനവ.)

2. സൂതീതേ, സൽഗുണനിധിയേ - മാനവസംസ്തുതഗതിയേ,
പാലയ, കരുണാനദിയേ - നിൻസുതരീജനതതിയേ.
ദീനദയാപരിയേ - മാനിനീ! മരിയേ (മാനവ.)



ചെറുപുഷ്പ നൊവേന.

മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ പിതൃത്തുങ്കൽ, പുണ്യവതിയുടെ തിരുശ്ശേഷിപ്പും എഴുന്നള്ളിച്ചുവച്ചുകൊണ്ടു എല്ലാമാസവും ൧൨-ാം തിയതി മുതൽ ആഘോഷപൂർവ്വമായ നൊവേന നടത്തുന്നതാകുന്നു. പിതൃത്തുങ്കൽ കെടാവിളക്കു ൯ ദിവസത്തേക്കു ൧ ക. ലദീഞ്ഞു ൧ ദിവ ൧ ക മുൻപ്രസ്താവിച്ചതുപോലെ മേയ് ൧൦-ാംനു പുതിയ കപ്പേളക്കു കല്ലിട്ട. കപ്പേളപണിക്കുവേണ്ടി ധനസഹായം ചെയ്യുന്ന സഹൃദയന്മാരുടെ പേരുവിവരവും ഈ പംക്തികളിൽ

പ്രസിദ്ധംചെയ്യുന്നതാണ്. ചെറുപുഷ്പഭക്തന്മാർ ഞങ്ങളെ യഥാശക്തി സഹായിക്കേണമെന്നു വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപകാരസ്മരണകളും മറവും.

ഒരു അസാധാരണ ഉപകാരസ്മരണ ഓ ക. ഒരു ഭക്തൻ—ദീനം സുഖമായതിനു ഉപകാരസ്മരണ ഫ ക. വക്കി കൊച്ചാപ്പു, അകപ്പറമ്പു—എനിക്കു ചെയ്ത സഹായത്തിനു നന്ദിയായി ഫ ക. കെ. ജെ. മാത്യു. കൊച്ചി—ചെറുപുഷ്പത്തിന്റെ മദ്ധ്യസ്ഥതയാൽ ഒരു കാര്യം എനിക്കു സാധിച്ചതിനു നന്ദിയായി ഫ ക. നെടിയാപറമ്പിൽ അവുസേപ്പു മാപ്പിക്കോ. ആലപ്പുഴ ഒരു നേർച്ചവഴിച്ചതിനു ഫ ക. തോമസ് കളത്തിൽ. നെടുംകുന്നം—ഉപകാരസ്മരണ ഫ ക. ഒരു ഭക്തൻ കോതമംഗലം—എന്റെ കാലിന്മേൽ ഒരു കുരുവിലം ഉണ്ടായ ശക്തിയായ വേദന അപേക്ഷിച്ച ഉടനെ സുഖമായതിനു നന്ദി ര ക. മിസ്സസ് ജോസ് കണ്ണമ്പള്ളി, പരിയാരം. സംഭാവന. മെസ്സേഴ്സ് വി. ഒ. ചാക്കോ. കൊച്ചി. ഫ ക—ചക്യൻ അവുസേപ്പു മൂക്കന്നൂർ ഫ ക—പുളിക്കൽ പ്രഞ്ഞു ദേവസ്യാ. അന്തീനാടു. ഫ ക—കാരക്കുന്നേൽ വർഗ്ഗീസ്. നെടുവക്കാടു. ഫ ക—റവ ഫാദർ പുതുവ. ര ക—റവ തോമസ് വളിപ്പാക്കൽ. മംഗലാപുരം. ഫ ക—മതയത്തു വക്കോ സേവിയർ. ചങ്ങനാടു. ഫ ക—കുഴിക്കാട്ടു മാത്യു. പാല. ഫ ക—ഒരു ഭക്തൻ. ഫ ക—വേറൊരു ഭക്തൻ. ഫ ക—പ്രത്യേകനൊവേനകർക്കു. മെസ്സേർസ്സ് വെള്ളൂക്കുന്നേൽ വക്കി ഈരാറുപേട്ട. ഓ ക—കടമിറത്തു കിട്ടൻ. അലങ്ങാടു. ഓ ക—ഇ. ററി. തോമസ്. ആലുവാ. ഫ ക—പെരുമ്പള്ളിച്ചിറ മത്തായി. കോതമംഗലം. ഫ ക—പാറവട്ടിൽ അവുസേപ്പു വക്കി. ചക്കരക്കടവു. ന ക—ഒരു ഭക്തൻ. വാഴക്കുളം. ന ക—മിസ്സസ്സ് ഇലഞ്ഞിക്കൽ ചെറിയാൻ. കോതമംഗലം. ന ക—റോസ് ജോസഫ്. കോട്ടയം. ഫ ക.

അപേക്ഷകളും മറവും അയക്കേണ്ടും മേൽവിലാസം.

തിരുഹൃദയ അനാഥശാല മാനേജർ മൂക്കന്നൂർ—അങ്കമാലി.

ജെർമനിയിലെ പുരോഹിതന്മാരിൽ ഏറ്റവും വയസ്സായ ആൾക്കു നൂറു വയസ്സുപ്രായമായി. അദ്ദേഹം പട്ടമേറ്റിട്ടു ഒരു കൊല്ലം കഴിയുന്ന സന്ദർഭത്തിന്റെ ആഘോഷം ഈയിടെയാണു നടന്നതു്. അതിനുശേഷം ഇപ്പോൾ അദ്ദേഹം പരലോകപ്രാപ്തനായിരിക്കുന്നു.

ധ്യാനത്തിൽ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശം നാം മനസ്സിലാക്കുന്നു.

സന്മാതൃകയും മാനസാന്തരവും.

(൨൮: സക്കറിയാസ് പൂപത്തുങ്കൽ)

ജനീവായിലെ മെത്രാനായിരുന്ന മൊൺസിഞ്ഞോർ മേർമില്ലോർഡ്, ആ പട്ടണത്തിൽതന്നെ പലനാൾ വികാരിജോലി നോക്കിയിരുന്നു. അദ്ദേഹം പേരുകേട്ട ഒരു മതപ്രാസംഗികനായിരുന്നു. എന്നും വൈകുന്നേരം അദ്ദേഹം വിശുദ്ധ കുബ്ബാനയെ സന്ദർശിച്ചാരാധിക്കുവതിനായിരുന്നു. ഒരു ദിവസം പതിവുപോലെ ആ വൈദികൻ ദിവ്യകാരുണ്യത്തിന്റെ മുമ്പാകെ ആരാധിച്ചശേഷം നിലത്തു മുംബിച്ചു് എണീറ്റുകഴിഞ്ഞു കുബ്ബാനയുടെ മുമ്പാകെയുള്ള വിളക്കു് അദ്ദേഹം തന്നെ തെളിച്ചു. നേരം അസ്തമിച്ചുകഴിഞ്ഞു. പോകാനൊരുങ്ങുമ്പോൾ പെട്ടന്നു് പുറകിൽനിന്നു് കാൽപെരുമാറ്റംകേട്ടു് അച്ചൻ തിരിഞ്ഞുനോക്കി. അദ്ദേഹം അപ്പോൾ കണ്ടതു് മോടിയായി വസ്ത്രധാരണം ചെയ്തിട്ടുള്ള മദ്ധ്യവയസ്സായ ഒരു സ്ത്രീയേയാണു്. അച്ചൻ അല്പമൊന്നു ഞാളിച്ചുപോയി.

"നിങ്ങൾ ഈ അസമയത്തു് എന്തു ചെയ്യുന്നു" എന്നു് അദ്ദേഹം ഗൌരവപൂർവ്വം ആ സ്ത്രീയോടു ചോദിച്ചു. അതിനു മറുപടിയായി അവർ പറഞ്ഞു. "അച്ചാ, ക്ഷമിക്കണം; ഞാൻ വന്ന കാര്യം പറയാം. ഞാൻ ഒരു പ്രോട്ടസ്റ്റൻറുകാരത്തിയാണു്. വിശുദ്ധ കുബ്ബാനയിൽ ക്രിസ്തുവിന്റെ സാക്ഷാൽ സാന്നിദ്ധ്യത്തെപ്പറ്റി അങ്ങു് തുടച്ചയായി പറഞ്ഞിട്ടുള്ള പ്രസംഗങ്ങൾ ഞാനും കേൾക്കയുണ്ടായി. അങ്ങേ വാഗ്മിതത്തിന്റെ കീർത്തിയാണു് പ്രസംഗം കേൾക്കുന്നതിനു് എന്നെ ആകർഷിച്ചതു്. പ്രസംഗത്തിലെ യുക്തികൾ എനിക്കു് നന്നേ ബോധിച്ചു. കുബ്ബാനയിൽ കർത്താവു് എഴുന്നള്ളിവരുന്നുണ്ടെന്നുള്ളതിനു് തെളിവുകൾ ധാരാളം. എങ്കിലും എനിക്കു് അല്പമായ ഒരു സംശയം. കത്തോലിക്കപട്ടക്കാർ കുബ്ബാനയെപ്പറ്റി പ്രസംഗിക്കുന്നതുപോലെ അവർ പ്രവർത്തിക്കുന്നുണ്ടോ? അതെ, ഈ പറയുന്നതൊക്കെ അച്ചൻതന്നെ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതനുസരിച്ചു് അച്ചൻ തനിയെ ആയിരിക്കുമ്പോഴും പ്രവർത്തിക്കുമല്ലൊ. ഇതൊന്നു പരീക്ഷിച്ചു നോക്കാമെന്നു് ഞാൻ നിശ്ചയിച്ചു. ഇന്നു രാവിലെ ഇവിടെവന്നു് ഒരു കുമ്പ

അതു സാധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം കണ്ടുപിടിക്കയും ചെയ്യുന്നു.

സാരക്കുട്ടിനു പുറകിൽ ഇപ്പോൾവരെ മറഞ്ഞിരിക്കുകയായിരുന്നു. അച്ചൻ ജനങ്ങൾ കൂടുന്ന അവസരത്തിൽ ചെയ്യുന്നതുപോലെ തനിയെയായിരിക്കുമ്പോഴും വിശുദ്ധ കുമ്പസാനയെ ആരാധിക്കുന്നതായി കണ്ടാൽ ക്രിസ്തുവിന്റെ ദിവ്യകാരുണ്യസാന്നിദ്ധ്യത്തിൽ പൂർണ്ണമായി വശ്വസിച്ച് പ്രോട്ടസ്റ്റന്റുമതം ഉപേക്ഷിച്ച് കത്തോലിക്കസഭയിൽ ചേരാമെന്നു ഞാൻ ഉറച്ചിരുന്നു. ഇപ്പോൾ ഞാൻ കണ്ടുകഴിഞ്ഞ അങ്ങെ പ്രവത്തി എന്റെ സംശയങ്ങളെയെല്ലാം പാടെ മാറിക്കഴിഞ്ഞു. ക്രിസ്തു കുമ്പസായിൽ സന്നിഹിതനായിരിക്കുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. കത്തോലിക്കാസഭയിൽ ചേരുവാൻ ഞാൻ തയ്യാറാണ്. ആവശ്യമായ ഉപദേശങ്ങൾ നൽകി അങ്ങ് എന്നെ സഭയിൽ കൈക്കൊള്ളുമാറാകണം". മറ്റെ താസമെന്നു ആ സ്ത്രീ കത്തോലിക്കാസഭയിൽ ചേന്നു. ഇതാ സന്മാതൃകയുടെ ഫലം. അഥവാ പ്രസംഗത്തിനനുരൂപമായ സൽപ്രവത്തിയുടെ സൽഫലം.

ഫാദർ ജോസഫ് വാസിന്റെ ഒരത്ഭുതകൃത്യം.

(പി. കുമാട്ട്)

സുസുരണയ്യർഫനായ ഫാദർ ജോസഫ് വാസ് "ചന്ദ്രിക" വായനക്കാരേവർക്കും സുപരിചിതനാണല്ലൊ. 'കഥാചന്ദ്രിക' രണ്ടാം പുസ്തകം ൻാം ലക്കത്തിൽ ഇദ്ദേഹത്തിന്റെ ഒരു ചരിത്രസംക്ഷേപം കൊടുത്തിരുന്നു. ഈ പുണ്യാത്മാവു് പ്രവത്തിച്ചിട്ടുള്ള പല അത്ഭുതങ്ങളിൽ ഒന്നാണ് താഴെ ചേർക്കുന്നതു്. "മുട്ടുവിൻ തുറക്കപ്പെടും, ചോദിപ്പിൻ തരപ്പെടും" എന്നരുളിച്ചെയ്ത ദിവ്യരക്ഷകൻ തന്റെ വിശ്വസ്ത ദാസന്മാരുടെ യാചനകളെ നിരാകരിക്കുമോ? ഒരിക്കലുമില്ല. ഈ അത്ഭുതകൃത്യം കാണ്ടിരാജാവായ വിമലധമ്മയുടെ അപേക്ഷയനുസരിച്ചു പൊതുജനോപകാരാർത്ഥം ഈ സിദ്ധൻ ചെയ്തതാകുന്നു.

കാലം എടവപ്പാതി കഴിഞ്ഞു. മഴയുടെ ആരംഭമൊന്നും കാണ്മാനില്ല. നല്ല കുംഭമാസകണക്കു വെയിലിന്റെ ഉഗ്രത ദിനംദിനം വർദ്ധിച്ചുവരുന്നു. ഭൂമി വരണ്ടു ഒരു പച്ചപ്പുല്ലുപോലും കാണാതെയായി.

ധ്യാനത്തിൽ നമ്മൾ ആത്മികജീവിതത്തിന്റെ ഒരു കണക്കെടുക്കുന്നു

അന്നപാനാദികൾക്കുതന്നെ വലിയ വിഷമമായിത്തീർന്നു. വിതയുടെ കാലവും അതിക്രമിച്ചു, എന്നാല്ല ഞാറുവേലയുടെ കാലവും കഴിഞ്ഞു. എന്നിട്ടും ഒരുതുള്ളി മഴപോലും നിലത്തുവീണിട്ടില്ല. കൃഷിയിറക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാതെ ജനങ്ങൾ കുഴങ്ങി. കൊട്ടിൽ മുതൽ കൊട്ടാരംവരെയുള്ളവർ ആബാലവൃദ്ധം വ്യസനാക്രാന്തന്മാരായി. മഴയുടെ അഭാവംനിമിത്തം അടുത്ത ഭാവിയിൽ തങ്ങൾ അനുഭവിപ്പാനിരിക്കുന്ന കഷ്ടതകളെക്കുറിച്ചും അവർ ഓർക്കാതിരുന്നില്ല. ഏതദവസരങ്ങളിൽ പതിവുള്ളതുപോലെ ജനങ്ങളുടെ മതതൈക്ഷ്ണ്യം ക്രമാതീതമായി വർദ്ധിച്ചു. അമ്പലങ്ങളിലും മറ്റും പൂജകളും ബലികളും ഒന്നിനൊന്നു വർദ്ധിച്ചിട്ടും ഫലം നാസ്തി. രാജകല്പനപ്രകാരം ബുദ്ധമതാചാര്യന്മാർ മഴയ്ക്കായി തങ്ങളുടെ ആരാധന സ്ഥലങ്ങളിൽ പല പൂജകളും നടത്തിനോക്കി. വിഹിതത്തിന്റെ മുമ്പിൽ പുഷ്പങ്ങൾ കുന്നുപോലെ കൂട്ടിയിട്ടും കൊമ്പുകളും കുഴലുകളും ദേവാലയഭിത്തി ഭേദിക്കുമാറു മുഴക്കിയിട്ടും ഫലമൊന്നും കണ്ടില്ല. തദനന്തരം രാജാവു തമിഴ് മന്ത്രവാദികളെ വരുത്തി പിശാചുക്കൾക്കു ബലികൾ അർപ്പിക്കുന്നതിനു ആജ്ഞാപിച്ചു. അതും വിഫലമായതേ ഉള്ളൂ. പിശാചുക്കൾക്കു പ്രകൃതിയുടെമേൽ ശക്തിയില്ലല്ലൊ. ഒടുവിൽ രാജാവു് ചില ക്രൈസ്തവരെ വിളിച്ചു് ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ പുരോഹിതനായ ഫാദർവാസ് സത്യദൈവത്തെയും സത്യവിശ്വാസത്തെയും പ്രസംഗിക്കുന്നുവെന്നു ഞാൻ കേട്ടു. ആകയാൽ നമ്മെ ഈ അത്യാപത്തിൽനിന്നു രക്ഷിക്കുന്നതിനായി ആ ദൈവത്തോടു അദ്ദേഹം പ്രാർത്ഥിക്കുവാൻവേണ്ടി എന്റെറപേക്ഷ നിങ്ങൾ അദ്ദേഹത്തോടു അപേക്ഷിക്കുക." ഈ വിവരം ക്രിസ്ത്യാനികൾ ഉടനെ ഫാദർവാസിനെ അറിയിച്ചു. "ദൈവസ്തുതിക്കും നമ്മുടെ നന്മയ്ക്കും അതു ഉപകരിക്കുമെങ്കിൽ എന്റെറ എളിയ പ്രാർത്ഥനയെ സത്യദൈവമായ മ്ശിഹാ ഉപേക്ഷിക്കയില്ല. നിശ്ചയം," എന്നാണ് അദ്ദേഹം പറഞ്ഞ മറുപടി. ഉടൻതന്നെ പട്ടണത്തിൽ ഒരു പ്രധാനസ്ഥലത്തു് ഒരു അൾത്താര സ്ഥാപിക്കയും അതിന്മേൽ ക്രൂശിക്കപ്പെട്ട മ്ശിഹായുടെ തിരുസ്വരൂപം വച്ചുകൊണ്ടു ഫാദർവാസ് പ്രാർത്ഥിക്കുവാൻ ആരംഭിക്കയും ചെയ്തു. ഇതരമതസ്ഥരായ നാട്ടുകാരേവരും അവിടെ കൂടിയിട്ടുണ്ടായിരുന്നു. ആ പുണ്യപുരുഷൻ ധ്യാനനിഷ്ഠയിൽ നിന്നുതിരുനാടെ ആകാശം കറുത്തിരുണ്ടു് കാർമേഘപടലങ്ങൾകൊണ്ടു നിറഞ്ഞു. ഉടനെ "തുള്ളിയ്ക്കൊരുകുടം" എന്നപോലെ

അതിലെ ലാഭനഷ്ടങ്ങളും അവയ്ക്കുള്ള കാരണങ്ങളും ഗ്രഹിക്കുന്നു.

മഴയും തുടങ്ങി. വറ്റി വരണ്ടിരുന്ന തോടുകളും പുഴകളും കിണറുകളും കുളങ്ങളും എല്ലാം നിറഞ്ഞു. ആ ഘോരവൃഷ്ടിയുടെ കാര്യമൊന്നും ആ പുണ്യപുരോഹിതൻ അപ്പോൾ അറിഞ്ഞില്ല. അൾത്താരവെച്ചിരുന്ന സ്ഥലത്തും അദ്ദേഹം മുട്ടുകുത്തിയിരുന്നിടത്തും ഒരു തുള്ളി മഴപോലും വീണില്ല. പ്രാർത്ഥനാനന്തരം അവിടെനിന്നെഴുന്നേറ്റപ്പോഴാണ് അദ്ദേഹത്തിനു സംഗതി മനസ്സിലായതു. ഉടനെ അദ്ദേഹം ദൈവത്തിനു ഉപകാരസ്മരണ ചെയ്യുകയും ഈ അത്ഭുതത്തിന്റെ ഫലമായി സത്യസഭയിൽ ചേരണമെന്നാഗ്രഹിച്ചവരെ സസന്തോഷം സ്വീകരിക്കയും ചെയ്തു.

മാന്യ വായനക്കാരെ, ഈ അത്ഭുതപ്രവർത്തകൻ നമ്മുടെ ഒരു സ്വദേശിയാണെന്നുള്ള സ്മരണ നാമേവരേയും കൃതാർത്ഥചിത്തരാക്കിത്തീർക്കുന്നില്ലയോ? ഈ പുണ്യശ്ലോകന്റെ നാമവും വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള ഉദ്യമങ്ങൾ നടക്കുന്ന ഈ അവസരത്തിൽ സ്വദേശസ്നേഹികളായ നാമും ഇതിന്നായി പ്രയത്നിക്കാതിരിക്കുന്നതു ന്യായമോ? ഭാരതമാതാവിന്റെ ചിരപ്രതീക്ഷിതമായ ഈ ആഗ്രഹസാധ്യത്തിനായി ഭാരതീയരായ നാം ഒന്നും പ്രവർത്തിക്കാതിരിക്കുന്നതു ക്ഷന്തവ്യമൊ? ആകയാൽ ഈ പുണ്യസമ്പന്നനെ ഏറെ താമസിയാതെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനായി നാമേവരും ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കേണ്ടതു നമ്മുടെ കർത്തവ്യകർമ്മമാണെന്നുമാത്രം ഓർപ്പിച്ചു കൊള്ളുന്നു

—❖—

ഫൻഡൻ മേമാസത്തിൽ നടത്തുവാനുള്ള സെവിലിലേയും ബാർസലോണായിലേയും പ്രദർശനത്തിന്റെ കാര്യത്തിൽ സ്പെയിൻ ഗവർമെണ്ടു ഉത്സാഹിച്ചു പ്രവർത്തിച്ചുവരുന്നു. "മിഷ്യനുകളുടെ കൊട്ടാരം" ഇതിലെ ഒരു പ്രധാന പ്രദർശന സാധനമായിരിക്കും. ഫൻഡിലെ വർത്തിക്കാൻ മിഷനറിപ്രദർശനത്തെക്കാൾ ഇതു കേമമാവുമെന്നൂഹിക്കപ്പെട്ടിരിക്കുന്നു. വളരെയധികം വലിപ്പത്തിൽ ചെയ്യപ്പെട്ടിട്ടുള്ള ക്രിസ്തുരാജന്റെ ഒരു പ്രതിമ പ്രദർശനശാലയുടെ ഒരു പ്രത്യേക അലങ്കാരമായിരിക്കുന്നതാണ്.

* * * *

അയർലണ്ടിലെ കത്തോലിക്കരുടെ സ്വാതന്ത്ര്യലബ്ധിയുടെ ശതാബ്ദപൂർത്തിയാഘോഷം അടുത്ത ജൂൺമാസത്തിൽ മതസംബന്ധമായ ചടങ്ങുകളോടുകൂടി ആഘോഷിക്കപ്പെടുന്നതാണ്.

കണ്ണു നോക്കാത്ത കുച്ചുവടക്കാരൻ തീച്ചുയായും നശിക്കും.

മാർതോമ്മാ സ്തോത്രം.

(ഫ: തോമസ് പള്ളിപ്പാക്കൽ)

(പോയേ—കേരള തായേ—എന്ന മട്ട്.)

പല്ലവി.

സ്തോത്രം ഭാരത സൂയ്ന്നു സ്തോത്രം.

അനുപല്ലവി.

സത്യവേദം കേരളത്തിൽ പടത്തിയ താതനിന്നു സ്തോത്രം.

ചരണങ്ങൾ.

1. സത്യദൈവപുത്രൻ ക്രിസ്തുരാജന്റെ
ഉത്തമ ശിഷ്യനാം തോമ്മാ ഗുരുവരൻ
ക്രിസ്തുവേദത്തിനായ് ജീവൻവെടിഞ്ഞവൻ
എത്തടത്തെ തൊട്ടയിർപ്പിൽ വിശ്വസിച്ച ശിഷ്യനിന്നു - സ്തോത്രം

2. ധൈര്യമോടെ മറു ശിഷ്യരൊക്കേക്കാൾ
ദൂരദേശേ സ്ഥിതിചെയ്തിടും ഭാരതേ
ധീരനാമേശുവിൻ വേദമറിയിച്ച
സെൻറുതോമസ്സ് താതനഹം സ്തോത്രമിന്നു ചൊല്ലീടുന്നു - സ്തോത്രം

3. പാപാന്ധകൂപത്തിലാണ്ടുകിടന്നവർ
പാപത്തെവിട്ടിട്ട താപത്തകൈക്കൊണ്ടു
ശാപത്തിൽനിന്നുണ്ടു വീണ്ടെടുത്തിൻഡ്യയേ
ക്രിസ്തുവേദ യുദ്ധവീരൻ ശുദ്ധതോമ്മാ ഗുരുവരൻ - - സ്തോത്രം

4. സ്വർഗ്ഗത്തിൽ മഹിമയാൽ വാഴുന്നതാതാ;
സ്വർഗ്ഗത്തിൽ ഞങ്ങൾക്കായ് പ്രാർത്ഥിക്കുതാതാ
സ്വർഗ്ഗത്തിൽ നിന്നോടു ചേരുംവരയ്ക്കും
ഉത്തമരായ് സത്തമരായ് ഭക്തിപൂർവ്വം വാണിടുവാൻ. - സ്തോത്രം

ധ്യാനം കഴിക്കാത്ത കത്തോലിക്കനും നാശത്തിൽ ഉൾപ്പെട്ടും.

സമുദ്ധാരമായ രാജ്ഞിയുടെ സഹായം.

(ശ്രീമാൻ പി. ഒ. പോൾ ബി. എ.)

'ലൂവോയിസ്' എന്ന കപ്പൽ അനേകദിവസത്തെ യാത്രക്കുശേഷം മഡഗാസ്കർ ദ്വീപിലെ പ്രധാന തുറമുഖത്തിന്റെ സമീപത്തെത്തി. കപ്പലിന്റെ വരവിനെകാത്തു അനേകമാളുകൾ തുറമുഖത്തു നില്ക്കുന്നുണ്ടായിരുന്നു. തുറമുഖത്തുനിന്നും ഏകദേശം രണ്ടു നാഴിക അകലെയായപ്പോൾ കടലിൽ ശക്തിയായ കാറ്റും കോളും തുടങ്ങി ഒരു നിമിഷത്തിനുമുമ്പ് പ്രശാന്തഗംഭീരമായിരുന്ന കടലിൽ തിരമാലകൾ ശക്തിയായി ഉയരുകയും തുറമുഖത്തിന്റെ കരിങ്കൽ ഭിത്തികളെ ഭേദിക്കത്തക്കവണ്ണം അതു ശക്തിയായി അവയിന്മേൽ അടിക്കയും തുറമുഖത്തു നങ്കൂരമിട്ടിരുന്ന ചെറിയ കപ്പലുകളെയും ബോട്ടുകളെയും വല്ലാതെ ഇളക്കുകയും ചെയ്തുതുടങ്ങി. ലൂവോയിസ് കപ്പലിലെ ജോലിക്കാർ അധികനേരത്തേക്കു തിരമാലകളോടു എതിരിട്ടു കപ്പലിന്റെ ശക്തിയെ നിയന്ത്രിക്കുവാൻ ഉത്സാഹിച്ചുവെങ്കിലും ഒടുവിൽ അവക്കു സാധിക്കാതെ അവരുടെ ഉത്സാഹം ഉപയോഗശൂന്യമായി ഭവിക്കയും ചെയ്തു. കപ്പൽ ചാഞ്ഞും ചരിഞ്ഞും വല്ലാത്ത അപകടസ്ഥിതിയിലായി. തുറമുഖത്തു കാത്തുനിന്നിരുന്നവരുടെ ആശയെല്ലാം അസ്തമിച്ചു. കപ്പലിന്റെ മുകൾഭാഗം ചാഞ്ഞു വെള്ളത്തിൽ മുട്ടുമെന്നുള്ള മട്ടായി.

തന്റെ പ്രേമഭാജനമായ ഏക സഹോദരന്റെ വരവിനെ കാത്തു നിന്നിരുന്ന ക്ലാരൻസെന്ന ഒരു യൌവനയുക്തനായ പട്ടാള ഉദ്യോഗസ്ഥൻ കപ്പലിന്റെ സ്ഥിതി അപകടത്തിലായതോടുകൂടി സമീപേയുണ്ടായിരുന്ന മാതാവിന്റെ ദേവാലയത്തിലേക്കു ഓടി മാതാവിന്റെ പീഠത്തിൻമുമ്പിൽ മുട്ടുകുത്തി "സമുദ്ധാരമായ മാതാവെ! ലൂവോയിസ് കപ്പലിനെയും എന്റെ സഹോദരനെയും രക്ഷിക്കണമെ"യെന്നു ഉച്ചസ്വരത്തിൽ വാവിട്ടു കരഞ്ഞപേക്ഷിച്ചു. ദേവാലത്തിനകത്തുണ്ടായ സ്വരം കേട്ടു പുറമെ നിന്നിരുന്നവർ അകത്തു പ്രവേശിച്ചു ക്ലാരൻസിനെ ആശ്വസിപ്പിക്കുന്നതിനുത്സാഹിച്ചു. ക്ലാരൻസ് ഉയർന്ന സ്വരത്തിൽ വീണ്ടും മാതാവിനോടപേക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ എല്ലാവരുംകൂടി അൻപതുമുന്നുമണിജപം ചൊല്ലി മാതാവിന്റെ സഹായമപേക്ഷിച്ചു.

ധ്യാന വഴി അനേക പാപികൾ പുണ്യവാന്മാരായിത്തീർന്നിട്ടുണ്ട്.

കൊടുങ്കാറ്റിനും കോളിനും അല്പമായ ശാന്തത കണ്ടുതുടങ്ങി. തുറമുഖത്തുണ്ടായിരുന്നവരിൽ അധികഭാഗവും കത്തോലിക്കരായിരുന്നതിനാൽ അവരെല്ലാവരുംകൂടി 'അൻപത്തുമൂന്നുമണിജപം' ചൊല്ലി സമുദ്രതാരമായ മാതാവിന്റെ സഹായമപേക്ഷിച്ചു. ഏകദേശം നാലരമണിയോടുകൂടി കൊടുങ്കാറ്റ് ശമിച്ചു. ലൂവോയിസ് കപ്പലിന്റെ ചില ഭാഗങ്ങളിൽ വെള്ളം കയറിയെങ്കിലും സന്ധ്യയോടുകൂടി കപ്പൽ തുറമുഖത്തടുപ്പിച്ചു. കപ്പൽക്കാക്ക് സാരമായ ആപത്തുകളൊന്നുംതന്നെ പറ്റിയിരുന്നില്ല. ക്ലാരൻസ് തന്റെ സഹോദരനെ ആലിംഗനംചെയ്തു വിവരങ്ങൾ പറഞ്ഞു. സമീപെയുണ്ടായിരുന്ന ദേവാലയത്തിൽ സമുദ്രതാരമായ മാതാവിന്റെ സ്തുതിക്കായി മനോഹരമായ ഒരർത്താരയുണ്ടാക്കി സപ്തശ്രാജ്ഞിയോടുള്ള അവരുടെ കൃതജ്ഞതയെ അതിന്റെ അടിയിൽ രേഖപ്പെടുത്തി.

ഇക്കൊല്ലം യൂണൈറ്റഡ്സ്റ്റേയിറ്റ്സിലെ പ്രസിഡണ്ടായി ഒരു കത്തോലിക്കനെ നിരത്തെടുക്കേണ്ടതാണെന്നു വില്യം കാബൽബ്റൂസ് എന്ന പ്രോട്ടസ്റ്റാന്റ്കാരൻ ബാൾട്ടിമോറിൽ ഇതിനിടെ കൂടിയ വിശുദ്ധ നാമത്തിന്റെ മഹായോഗത്തിൽ വായിച്ച ഒരുപന്യാസത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. "ഒരുദ്യോഗവും ഒരുത്തനു ലഭിക്കുന്നതിനു മതം തടസ്സമാകരുതു്. ഉദ്യോഗത്തിനു യോഗ്യത മാത്രമേ നോക്കേണ്ടതുള്ളൂ." ഇതാണദ്ദേഹത്തിന്റെ അഭിപ്രായം.

* * * *

ഫ്രാൻസിൽ അൽസേസ്ലോറെയിനിലുള്ള കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും യഹൂദരുമായ വൈദികന്മാർക്കു ശമ്പളക്രമപ്പെടുത്തൽ കൊടുപ്പാൻ പ്രസിഡണ്ടുപോയിൻകർ അനുവദിച്ചിരുന്നു. കത്തോലിക്കരെ ക്രമാന്മാർക്കു ൩൨,൦൦൦ പ്രാങ്കുകൾ കിട്ടുന്നുണ്ടു്.

* * * *

വിശുദ്ധ ശിശുക്കളുടെ സംഘംവകയായുള്ള മദിരത്തിന്റെ ഉൽപ്പാദനകർമ്മം ഇക്കഴിഞ്ഞമെമാസം പതിനെട്ടാം തീയതി വന്നതെല്ലികർത്തിനാളവർകൾ നടത്തിയിരിക്കുന്നു. കിഴക്കൻ രാജ്യങ്ങളിലെ അവിശ്വാസികളുടെ കുഞ്ഞുങ്ങൾക്കു ആത്മീയവും ലൗകികവുമായ ആവശ്യങ്ങളിൽവേണ്ട സഹായം ചെയ്യുന്നതാണു് ഈ സംഘത്തിന്റെ ഉദ്ദേശം.

ആ വഴി നമ്മെയും പാപത്തിൽനിന്നുകറ്റി പുണ്യവാന്മാരാക്കും.

ആദർശപുരുഷനായ ഒരു ക്രൈസ്തവമാതാവു.

(ശ്രീമാൻ പി. ജോസഫ് ചുങ്കത്തു്, തൃശൂർ.)

ട്യൂറിൻ എന്ന സ്ഥലത്തുനിന്നും പുറപ്പെടുന്ന 'സലേഷ്യൻ ബുല്ലെറ്റിൻ' എന്ന ആംഗ്ലേയപത്രത്തിൽ, വെരി. റവ. ഫാദർ പീറ്റർ റിക്കാൾഡൻ എസ്. സി. അവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"ക്രൈസ്തുമാബ്ദം ഏൻപത്തൊമ്പതിൽ ഞാൻ ഒരു കേയമേരിക്കായിലായിരുന്നു. അന്നു നടന്ന സംഭവമാണു ഇന്നു ഞാൻ പറയുന്നതു്. കഥപറയാം. പക്ഷേ, അന്നത്തെ വാശ്ചാനം പൂർത്തിയാക്കുന്നതിനു കഥയുടെ നായികയുടെ ഊരും പേരും ഞാൻ മറച്ചുവക്കാതെ നിവൃത്തിയില്ല. കിളവിയെങ്കിലും ഒരു മാന്യ സ്ത്രീരത്നമായിരുന്നു ആ നായിക. അവൾ സവിനയം "അമ്മാ! എന്റെ മക്കളിലൊരുവനെങ്കിലും ഒരു വൈദികനായിക്കണ്ടു ദൃഷ്ടിയടയുവാൻ എന്റെ വാർദ്ധക്യ കണ്ണുകൾക്കു ഭാഗ്യം സിദ്ധിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!" എന്നു തൊണ്ടയിടറിക്കരഞ്ഞുകൊണ്ടു പറഞ്ഞു. ഇല്ല; ഇനിയും അവൾ, അതെ, ആ സാധു, മൌനംദീക്ഷിക്കയല്ലാ ചെയ്യുന്നതു്. വീണ്ടും അവൾ തുടർന്നു പറയുന്നു: "അമ്മാ! അതിനു ഭാഗ്യംലഭിക്കുവാൻ എത്രയായാലും ഈയുള്ളവൾ അയോഗ്യയത്രെ. എന്നാൽ, ഇതാ ഈ പണക്കിഴി അച്ഛന്റെ കയ്യിൽ ഇരിക്കട്ടെ. മറെറാന്നിനുമല്ല; അതു ഒരു മിഷ്യനറി വിദ്യാർത്ഥിയുടെ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന ചിലവുകൾ വഹിക്കുന്നതിനാണ്. അദ്ദേഹം പ്രതിദിനം തന്റെ ഈശ്വരപ്രാർത്ഥനയിൽ എന്നെ സ്മരിക്കയും, പോരാ, എന്റെ മക്കൾക്കും ആ വഴി കുടുംബത്തിനും ആദ്ധ്യാത്മികവും ഭൌമികവുമായ സത്ഗുണങ്ങളുണ്ടാകുന്നായി വി. ബലിഅർപ്പിക്കയും മറും ചെയ്യുന്നതായാൽതന്നെ ഇതിൽപരം വലുതായ ഭാഗ്യം മറെറന്താണുള്ളതു്."

അവളുടെ മക്കളിൽ ഒന്നുതന്നെയെങ്കിലും ദൈവശുശ്രൂഷാർത്ഥം വേലചെയ്യാൻ ഒരുക്കമുള്ളതായികാണുന്നില്ലല്ലോയെന്ന ചിന്തയാലുളവായ 'സന്താപക്കണ്ണുനീർ' അവളുടെ ശബ്ദത്തെ അലങ്കോലപ്പെടുത്തിയതായി എനിക്കു മനസ്സിലായി. എങ്കിലും, അവളുടെ പ്രവൃത്തി എത്ര മഹത്തായതു്! ഞാൻ ചോദിക്കട്ടെ. ആ! എത്രയമ്മമാർ? എത്ര പിള്ളയില്ലാത്തള്ളകൾ! വേണ്ടാ, എത്ര സനാതന ധർമ്മബോധമുള്ള മഹത്തുക്കൾതന്നെ, പ്രകൃതത്തിലെ ആദർശമനുകരിപ്പാനുണ്ടാകും?"

മുഹമ്മദീയനായ ഒരു സ്പെലോക്ക്.

(ശ്രീമാൻ ഇ. ജെ. ആൻഡ്രൂസ് ബി എ.)

സ്പെയിനിൽ ബാർസിലോണയിലെ പരിശുദ്ധ ത്രീത്വത്തിന്റെ ദേവാലയത്തിൽ നസറേത്തിലെ യേശുവിന്റെ ഒരു പ്രതിമയും താഴെ വിവരിക്കുന്ന വിധത്തിലുള്ള ഒരു ചിത്രവും ഉണ്ടായിരുന്നു. ചിത്രം ഇന്നു് ഉണ്ടോഎന്നറിഞ്ഞില്ല.

ചിത്രത്തിൽ പരിശുദ്ധ ത്രീത്വത്തിന്റെ സഭയിൽപ്പെട്ട രണ്ടു സന്യാസികളേയും വലിയ തലപ്പാവുധരിച്ച രണ്ടു മുഹമ്മദീയരെയും കാണിച്ചിരിക്കുന്നു. ഇരുകൂട്ടരുടേയും മദ്ധ്യേ നിലത്തു് നാട്ടിയിരിക്കുന്ന കുറിയിൽ ഒരു വലിയ ക്രാസ്സ് തൂക്കിയിട്ടുണ്ടു്. അതിന്റെ ഒരു തട്ടിൽ നസറേത്തിലെ യേശുവിന്റെ പ്രതിമയും മറേറതിൽ ഒരു വെള്ളി നാണയവും കാണാം. ക്രാസ്സിന്റെ നില ആശ്ചര്യകരമാണ്. നാണയമിട്ടതട്ടു് ഭാരംമൂലം നിലത്തുമുട്ടുകയും വലിയപ്രതിമ ഇരിക്കുന്ന തട്ടു് പൊന്തിനില്ക്കുകയുമാണ് ചെയ്യുന്നതു്!

ഈ ചിത്രത്തെ വിവരിക്കുന്ന ഭക്തപരമായ ഒരു പഴങ്കഥയുള്ളതു് പരിശുദ്ധ ത്രീത്വത്തിന്റെ സഭയെ സംബന്ധിക്കുന്ന ഒന്നാണു്. പ്രസ്തുതസഭയാകട്ടെ മുഹമ്മദീയർ യൂറോപ്പിന്റെ ദക്ഷിണപശ്ചിമപ്രദേശങ്ങൾ അധീനപ്പെടുത്തിയ കാലത്തു് സ്ഥാപിതമായതും, മഹമ്മദീയരുടെ ബന്ധനത്തിൽ നിന്നു ക്രൈസ്തവന്മാരെ വിമോചിക്കേണ്ടതിനു രൂപീകരിക്കപ്പെട്ടതുമായിരുന്നു.

ഒരിക്കൽ ആസഭയിലെ ഏതാനും അംഗങ്ങൾ അൽജിയേഴ്സിലെ മുഹമ്മദീയരുമായി ഒരു സന്ധി ഉടമ്പടിചെയ്തു. സന്ധിനിശ്ചയപ്രകാരം ക്രൈസ്തവന്മാരെ വിട്ടയക്കേണ്ടതിനു് അവരുടെപക്കൽ കഴിച്ചു പണമുണ്ടായിരുന്നു. സംഖ്യകൊടുക്കുന്നതിനുമുമ്പു് തടവുകാരിൽ ഒരാൾ ഒരു പ്രധാനസംഗതി അവരെ ധരിപ്പിക്കുവാൻ ഇടയായി. അതു നസറേത്തിലെ യേശുവിന്റെ ഒരു പ്രതിമ അവിടത്തെ ഒരു മുഹമ്മദീയ പ്രമാണിയുടെ പക്കൽ ഇരിക്കുന്നു എന്നും അയാളും കൂട്ടരും ആ പ്രതിമയോടു് അവജ്ഞാനീയമായ പല നിന്ദ്യപ്രവൃത്തികൾ ചെയ്യുവതുമാണെന്നും ആയിരുന്നു.

പ്രതിമ മുഹമ്മദീയന്റെ കയ്യിൽ എങ്ങിനെ പെട്ടുവെന്നു് അവക്കു മനസ്സിലായില്ല. ഏതായാലും ഉടമസ്ഥനെകണ്ടു തരുമുണ്ടെങ്കിൽ അതു വാങ്ങിക്കേണമെന്നകരുതി നമ്മുടെ സഭാംഗങ്ങൾ അയാളെ തേടിപ്പിടിച്ചു് സംഗതി അറിയിച്ചു.

"എന്തുതന്നാൽ രൂപം തരും" എന്നു സന്യാസികളിൽ പ്രായംകൂടിയആൾ ചോദിച്ചു. "അതിന്റെ തൂക്കം വെള്ളി" എന്നായിരുന്നു ഉടമസ്ഥന്റെ മറുപടി. "അച്ചാ! എന്തുചെയ്യും. സ്വരൂപം വാങ്ങിയാൽ തടവുകാരെ എങ്ങിനെ രക്ഷിക്കും?" എന്നു തന്റെ കൂട്ടരിൽ ഒരാൾ ചോദിച്ചതിനു് "പേടിക്കേണ്ട മകനെ! ദൈവം വഴി കാണിച്ചുതരും" എന്നു് അദ്ദേഹം മറുപടിപറഞ്ഞു.

വിശ്വാസപൂർണ്ണമായ ഹൃദയത്തോടുകൂടി സ്വരൂപവും ത്രാസ്സും വഹിച്ചുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.

മുഹമ്മദീയന്റെ കല്പനപ്രകാരം രണ്ടു കുസ്ത്യാനികളും രണ്ടു മുഹമ്മദീയരുംകൂടി സ്വരൂപവും ഒരു വലിയ ത്രാസ്സും അവരുടെ യജമാനന്റെ മുമ്പിൽ ഹാജരാക്കി. നിലത്തു കുറിനാട്ടിയതും ത്രാസ്സുതൂക്കിയതും ഉടനെ കഴിഞ്ഞു.

ആ പ്രതിമയാകട്ടെ അഴുക്കുനിറഞ്ഞും വൈരൂപ്യരഹിതമായുമിരുന്നു. ഈ അലങ്കോലഭാവവും കുസ്ത്യാനികളായ അടിമകളുടെ കരച്ചിലും നമ്മുടെ സന്യാസികളെ ക്ഷോഭിപ്പിച്ചു എന്നതു് പ്രസ്താവ്യമാണു്.

"കുസ്തീയ നായ്ക്കളെ! പണമെടുക്കിൻ" എന്നു് ആ മുഹമ്മദീയൻ പറഞ്ഞു.

പ്രായംചെന്ന സന്യാസി സഞ്ചിയിൽനിന്നു കുറെ അധികം നാണയങ്ങൾ ചൊരിഞ്ഞു തട്ടിൽ ഇട്ടു. പക്ഷെ ഉടമസ്ഥൻ പൊട്ടിച്ചിരിച്ചുകൊണ്ടു് "തരക്കേടില്ല, പത്തിരട്ടിയുണ്ടെങ്കിലും മതിയാവുകയില്ല" എന്നു പറഞ്ഞു. "അതിരിക്കട്ടെ, സ്വരൂപം പിടിച്ചുവയ്ക്കുക. പോരാത്തത് ദൈവം ശരിപ്പെടുത്തും" എന്നായിരുന്നു മറുപടി.

എജമാനന്റെ ആംഗ്യംകണ്ടു് അടിമകൾ നാലുപേരുംകൂടി പ്രതിമ പിടിച്ചു ത്രാസിന്റെ തട്ടിൽവച്ചു. മുഹമ്മദീയന്റെ മുഖം കോപംകൊണ്ടും ഭയംകൊണ്ടും വിളറിത്തുക കാഴ്ചയാണു് ആദ്യമുണ്ടായതു. "കുസ്ത്യാനി! ആ നാണയം കുറെ വാരി എടുക്കു" എന്നു് അയാൾ ദ്വേഷ്യഭാവത്തിലും തൊണ്ടയിടറിക്കൊണ്ടും പറഞ്ഞു. സന്യാസി നാണയങ്ങൾ

ഒഴിവു കഴിവുകൾ പറഞ്ഞു ധ്യാനം കഴിക്കാതിരിക്കരുതു.

ഓരോന്നായി വഞ്ചിയിൽ ആക്കി. പക്ഷേ ക്രൂസ്സ് ഇളകുന്നില്ല. "കുറെക്കൂടെ എടുക്കിൻ" എന്നു പല്ലുകടിച്ചുകൊണ്ട് ഉടമസ്ഥൻ പറഞ്ഞു. ഒരു നാണയമൊഴിച്ചു മറെല്ലാമെടുത്തിട്ടും ക്രൂസ്സനങ്ങിയില്ല. നാണയം വച്ചിരുന്ന തട്ടു നിലംപതിച്ചുതന്നെ കിടന്നിരുന്നു. നിരാശാഭിതനായ മഹമ്മദീയൻ "അല്ലാ! പണം മുഴുവൻ എടുത്തുകൊള്ളു." എന്നു പറഞ്ഞു.

നമ്മുടെ സന്ന്യാസോത്തമൻ ശേഷിച്ച നാണയം എടുത്തതോടുകൂടി പ്രതിമ ഇരുന്ന തട്ടു കിഴ്പോട്ടു ഇറങ്ങുകയും മറേതിനോടു സമമായിനിലക്കുകയും ചെയ്തു. സംഭവത്തിനു ഫലം അശേഷമില്ലാ എന്നു തോന്നി. അത്ഭുതപരവശനായ മുഹമ്മദീയൻ കണ്ണുകൊണ്ടു കണ്ടതു വിശ്വസിക്കാൻ മടിച്ചു. "ക്രിസ്ത്യാനികളെ! നിങ്ങൾ നായകളാണ്. പ്രതിമ കൊണ്ടുപൊയ്ക്കൊള്ളു. അതു നിങ്ങൾക്കു കിട്ടിയല്ലോ" എന്നു അയാൾ നീരസഭാവത്തിൽ പറഞ്ഞു.

സന്ന്യാസികൾ രണ്ടുപേരും സാഷ്ടാംഗംവീണു നിലത്തു ചുംബിച്ചു. പണമനുവദിക്കുന്നോടത്തോളം തടവുകാരെ മടക്കിഎടുത്ത് അടുത്ത ദിവസംതന്നെ ബാഴ്സിലോണയിലേക്കു കപ്പൽവഴി അവർ പുറപ്പെടുകയും ചെയ്തു. കാറ്റു സഹായിക്കയാൽ അവർ നിശ്ചിതസമയത്തു പട്ടണത്തിൽ എത്തി. പട്ടണവാസികളെല്ലാം പൊതുവേയും, ബന്ധനവിമുക്തരായവരുടെ കുടുംബക്കാർ പ്രത്യേകിച്ചും സന്തോഷാതിരേകത്തോടെ അവരെ സ്വീകരിച്ചു. പ്രതിമയുടെ വസ്തുത ഗ്രഹിച്ചപ്പോൾ എല്ലാവരും അത്യധികം വിസ്മയചിത്തരായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലൊ. അനന്തരം ഒരു വലിയ പ്രദക്ഷിണമായി നിഷ്പാദുകരായ ത്രീതപസന്ന്യാസികളുടെ ദേവാലയത്തിലേക്ക് ആ പ്രതിമ കൊണ്ടുപോകപ്പെട്ടു. പ്രതിമയെ വന്ദിക്കാൻ കൂടിയവർക്കു കയ്യും കണക്കുമില്ലായിരുന്നു. യഥാക്രമം ആ പ്രതിമയെ അലങ്കരിക്കേണ്ടതിന്നു് ഓരോരുത്തരായി വിലപിടിച്ച വസ്ത്രങ്ങളും കല്ലുകളും പ്രദാനംചെയ്തു.

നെപ്പോളിയൻ ബാഴ്സിലോണ ആക്രമിച്ചപ്പോൾ ആ പ്രതിമയിലെ കല്ലുകൾ ഭടന്മാർ മോഷ്ടിച്ചുകളഞ്ഞു. യുദ്ധാനന്തരം ത്രീതപന്മാർ വീണ്ടും സ്ഥാപിക്കുന്നതുവരെ ഫ്രഞ്ചുകാർ നിഷ്കാസിതരായതുവരെ പ്രതിമയോടുള്ള വന്ദന അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു ഫ്രഞ്ചുകാർ മതപീഡനം ഉത്ഭവിക്കുകയും ആ കൊല്ലം ജൂലായി മാസം ബാഴ്സിലോണയിലെ സന്ന്യാസമന്ദിരങ്ങൾ തീവെക്കപ്പെടുകയും ചെയ്തു.

എല്ലാ അർത്ഥങ്ങളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നിസ്സഹായരായ വളരെ സന്ന്യാസികളെ ഘാതകന്മാർ കൊന്നുകളഞ്ഞു. നിഷ്ഠുരന്മാരായ വൈരികൾ അവരുടെ ക്രൂരകൃത്യം കുറച്ചുസമയത്തേക്കു നിറുത്തിവെച്ചപ്പോൾ ഭക്തമതികളായ ചില കത്തോലിക്കർ ജീവനെ അപകടത്തിൽപ്പെടുത്തിക്കൊണ്ടു പ്രതിമയെ രക്ഷിച്ചെടുത്തു. ട്രിനിഡഡിലെ വിശുദ്ധ ജെയിംസ് പുണ്യവാന്റെ നാമധേയത്തിലുള്ള ദേവാലയമാണ് പന്നീട് ഈ പ്രതിമയുടെ സങ്കേതസ്ഥലമായി ഭവിച്ചത്.

മത്തോമാശ്ലീഹാസ്തവം.

ശ്രീമാൻ ജോസഫ് ജി. പള്ളിപ്പാടൻ ഇടപ്പള്ളി.

രാഗം ഹിന്ദുസ്ഥാൻ തോടി. താളം ആദി.

("ആഴ്ന്നച്ചക്ക", എന്ന മട്ട്.)

1. ഭാരതത്തിൽ നിസ്തുല - വിമലദീപമായ്
നേരിലാന്ന് വന്ദിത! ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

2. അജ്ഞതയാം കൂരിരുൾ - നിഖിലമൊഴിപ്പാൻ
ദൈവനിയുക്ത! മഹാ ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

3. വേദവിത്തീഭൂതലേ - അതിശയനീയം
ഭവ്യമായ് വിതച്ചോരെൻ - ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

4. സത്യവേദംസുസ്ഥിരം ക്ഷിതിയിൽ മിന്നീടാൻ
ഹേതുഭൂത! വന്ദിത! ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

5. പൂതവേദദീപ്തിയിൽ - തലംനിറയുവാൻ
പാടുപെട്ട വന്ദിത! ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

6. ഏറിടേണം ധീരത - ശുഭമതത്തിൽ, മേ-
വേദധിരോദാത്തനെൻ ശ്ലീഹായാം ശ്രീതോമ!
ജയ! ജയ! ജയ!

ദൈവമുണ്ടെന്നു എല്ലാവരും എന്നും വിശ്വസിച്ചുപോന്നു.

പ്രാൻസുരാജാവു ക്രിസ്ത്യാനിയായതു.

ക്ലോവിസ് രാജാവു രാജ്യം-ൽ പാരീസ് പട്ടണം വളഞ്ഞപ്പോൾ അദ്ദേഹത്തിനു കീഴടങ്ങാതെ എതിർത്തുനില്ക്കുന്നതിനു പാരീസിലെ ജനങ്ങളെ ഉത്സാഹിപ്പിച്ചതു വിശുദ്ധ ജെനിവീവെ എന്ന മഹതിയായിരുന്നു. ക്ലോവിസ് രാജാവു പുറജാതിക്കാരനായിരുന്നു. പുറജാതിക്കാരനായ ഒരാളും പാരീസിൽ കടന്നുകൂടുന്നതപ്പോഴും ആ മഹതി പ്രതിഷേധം ചെയ്തിരുന്നു. എന്നാൽ ക്ലോവിസ്സിന്റെ മനസ്സുമാറ്റത്തിനായി അവർ പ്രാർത്ഥിച്ചുവന്നു. എന്തുകൊണ്ടെന്നാൽ ദൈവകൃപയാൽ ഗാൾരാജ്യത്തു ക്രിസ്തുമതം അഭിവൃദ്ധിയിൽ ആകുവാൻ അതു ഒരു ഹേതുവായിത്തീരുമെന്നു ആ മഹതി ആശിച്ചിരുന്നു. റെയിംസിലെ മെത്രാനായ വിശുദ്ധ റെമീയുസ് ഉള്ളിൽ ഈ ആശ ഉണ്ടായിരുന്നു വിശുദ്ധ റെമിയാകട്ടെ തന്റെ സൽഗുണങ്ങളാലും ജ്ഞാനത്താലും ക്ലോവിസ്സിന്റെ വിശ്വസ്തസ്നേഹിതനായിത്തീർന്നിരുന്നു. ക്ലോവിസ് പുറജാതിക്കാരനായിരുന്നുവെങ്കിലും ഒരു സിദ്ധാന്തിയല്ലായിരുന്നു. മെത്രാൻ പറയുന്ന സംഗതികളെയെല്ലാം അദ്ദേഹം ശ്രദ്ധിച്ചു കേൾക്കാറുണ്ടായിരുന്നു. ക്ലോവിസ്, ക്ലോട്ടിൽഡെ എന്നൊരു കൃസ്തീയ യുവതിയെ വിവാഹംചെയ്തതു ടി. മെത്രാൻ തിരുമനസ്സിലെ ഉപദേശപ്രകാരമായിരുന്നു. ഈ വനിത, തന്റെ സൗന്ദര്യത്തിനും സൽസ്വഭാവത്തിനുമെന്നവിധംതന്നെ ഭാഗ്യകേടുകൊണ്ടും പ്രസിദ്ധയായിരുന്നു. ആ വനിതയുടെ പിതാവു ബർഗണ്ടിയിലെ രാജാവായിരുന്നു. അദ്ദേഹത്തിന്റെ പേർ ചിൽപെറിക് എന്നായിരുന്നു. അദ്ദേഹം സ്വസഹോദരനായ ഗൊൺഡിബാഡിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അനന്തരം അദ്ദേഹത്തേയും രണ്ടു പുത്രന്മാരേയും ഗൊണ്ടിബാഡ് കൊല്ലിച്ചു. രാജ്ഞിയെയാകട്ടെ അയാൾ റോൺനദിയിൽ മുക്കി പ്രാണഹാനിവരുത്തി. അപ്രകാരം അനാഥയായിത്തീർന്ന ക്ലോട്ടിൽഡായെ ഈ ഘാതകൻ അയാളുടെ അരമനയിൽ വളർത്തി. മറ്റാർക്കും അവളെ സ്വാതന്ത്ര്യമായി സമീപിക്കാൻ നിവൃത്തിയില്ലാത്തവിധം. ഏതാണ്ടൊരു തടവുകാരിയെപ്പോലെയാണ് അവളെ വളർത്തിയതു്. അവൾക്കു് എന്നൊരു പ്രിയ ക്ലോവിസ്സിനെ ഒരു വിദ്യ പറഞ്ഞുകൊടുത്തു. അദ്ദേഹം ഒരു യാചകന്റെ വേഷത്തിൽ അന്നു ഗൊണ്ടിബാഡ് തലസ്ഥാന നഗരമാക്കിയിരുന്ന ജനീവായിലേയ്ക്കു പുറപ്പെട്ടു. അമ്മയുടെ

അടുക്കൽനിന്നു കുസൃതിയ മുറകളിൽ പലതും ഗ്രഹിച്ചിരുന്ന ക്ലോട്ടിൽഡാ യാകട്ടെ സാധുക്കളെ സഹായിക്കുന്നതിൽ സദാ സന്നദ്ധയും സന്തുഷ്ട യുമായിരുന്നു. അവർക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. എങ്കിലും ത ന്റെ പുറമുള്ള സാധുക്കളെ സഹായിക്കുന്നതിൽ അവൾ വിമുഖത കാണിച്ചില്ല. മേൽപറഞ്ഞ യാചകനെയും അയാളുടെ കീറിപ്പറിഞ്ഞ വേഷത്തെയും കണ്ടിട്ട് അവളുടെ ഉള്ളിൽ വളരെ ആർദ്രതയുണ്ടായി അവൾക്കു ആ കന്യകതന്നെ ചോറുവിളമ്പിക്കൊടുത്തു. അതിനിട യിൽ യാചകൻ അവളോടു പറഞ്ഞു:— എനിക്ക് അങ്ങയോടു ഒരു സ ങ്കാര്യം പറവാനുണ്ട്. ഫ്രാങ്കുകാരുടെ രാജാവായ ക്ലോവിസ്സാണ് എ ന്നെ ഇവിടെ അയച്ചത്. അങ്ങയെ കല്യാണംകഴിപ്പാൻ അദ്ദേഹം ഇ ച്ഛിക്കുന്നു. ഇതാ ഈ മുദ്രമോതിരം അടയാളത്തിനായി അദ്ദേഹം ത ന്നയച്ചിട്ടുള്ളതാണ്.

ക്ലോട്ടിൽഡെ—"ക്ലോവിസ് ഒരു പുറജാതിക്കാരനല്ലേ ക്രിസ്ത്യാനി സ്ത്രീ പുറജാതിക്കാരെ വിവാഹംചെയ്യാൻ അനുവദിക്കപ്പെട്ടിട്ടുള്ളതല്ല ല്ലൊ". എന്നു പറഞ്ഞു. എങ്കിലും കുറെനേരം അഗാധമായി ആലോ ചിക്കയും ദൈവപ്രാർത്ഥന കഴിക്കയും ചെയ്തശേഷം "ക്ലോവിസ് ദൈവ ത്തെ അറിയുന്നതിനു ഞാൻ അയാളുടെ ഭാര്യയായിരിക്കണം എന്നാ ണ് ദൈവതിരുമനസ്സെങ്കിൽ അതിനെ ഞാൻ നിവൃത്തിക്കാം എന്റെ അമ്മാവനായ ഗോണ്ടിബാദിന്റെ അടുക്കൽ പ്രതിപുരുഷനെ അയച്ചു ചോദിപ്പാൻ രാജാവിനോടു പറകതന്നെ. ഞാൻ അദ്ദേഹത്തിന്റെ മുദ്രമോതിരം സ്വീകരിക്കുന്നു. എന്റേതു പകരംതന്നയക്കയും ചെയ്യുന്നു."

യാചകൻ ഈ സന്ദേശവുംകൊണ്ടു തിരിച്ചെത്തിയപ്പോൾ ക്ലോ വിസ്സിനു വളരെ സന്തോഷമായി. ഔറേല്യൻ പിന്നീടു രാജകീയമായ അകമ്പടിയോടുകൂടി രാജപ്രതിപുരുഷനായി ജിനീവായ്ക്കു പോയി ഗൊ ണ്ടിബാദിന്റെ അടുത്തുചെന്നു് തന്റെ യജമാനനു വിവാഹംകഴിപ്പാ ൻവേണ്ടി കന്യകയെ കൊണ്ടുപോകുന്നതിനാണ് താൻ വന്നിരിക്കുന്ന തെന്നു പറഞ്ഞു. ഗോണ്ടിബാദ് വളരെ സമ്മതത്തോടുകൂടെയല്ലെങ്കി ലും അതിക്രമണത്തെ ഭയന്നു് അതിനു സമ്മതിച്ചു. കന്യകയെക്കൂടെ അയക്കുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ ഗൊണ്ടിബാഡിന്റെ മ നസ്സുമാറി. അദ്ദേഹം കന്യകയെ തിരിയെ കൊണ്ടുപോരുവാൻ പുറ കെ ആളയച്ചു. പക്ഷെ അതിനിടയിൽ മറോവർ ബർഗണ്ടി അതുത്തി യിൽ എത്തിക്കഴിഞ്ഞു. ക്ലോവിസ് വളരെ ബഹുമാനത്തോടുകൂടെ


അവളെ സ്വീകരിച്ചു. ആ യുവതിക്ക് തന്റെ മതമുറകൾ അനുസരിച്ചു ജീവിച്ചുകൊള്ളുവാനുള്ള സമ്മതവും അദ്ദേഹം നൽകി. സോയിസൻ സിൽവച്ച് വിവാഹവും നടന്നു. അദ്ദേഹത്തിനു ക്ലോട്ടിൽഡായോട് വളരെ പ്രേമമായി. ഓരോദിവസവും അവളിൽ ആകർഷണീയമായ ഓരോ സ്വഭാവങ്ങൾ അദ്ദേഹം കണ്ടു. എന്നാൽ അവളുടെ മതത്തിന്റെ വിശേഷമാണതെന്നു അദ്ദേഹം ധരിച്ചില്ല. കൊട്ടാരത്തിൽതന്നെ അവൾ ഒരു കപ്പേളയുണ്ടാക്കി പുരോഹിതന്മാരേയും നിയമിച്ചിരുന്നു. പരസ്നേഹത്തിനും ഭക്തിയ്ക്കും അടുത്ത കൃത്യങ്ങൾ അവൾ ധാരാളം ചെയ്യുവന്നു. അതിനുപുറമേ അനിതരസാധാരണമായ ഭർതൃസ്നേഹവും ആ യുവതിയ്ക്കുണ്ടായിരുന്നു. അദ്ദേഹത്തോട് അവൾ വിഗ്രഹാരാധനയുടെ നിരുപയോഗതയേയും കൃസ്തീയ ധർമ്മത്തിന്റെ ശ്രേഷ്ഠതയേയും കുറിച്ചു കൂടക്കൂടെ പറകയും അദ്ദേഹം അതു ശ്രദ്ധിച്ചു കേൾക്കുകയും ചെയ്തിരുന്നു. അവരുടെ ആദ്യത്തെ കുഞ്ഞു് ആൺകുഞ്ഞായിരുന്നു. അതിനെ ജ്ഞാനസ്നാനംകഴിപ്പാൻ ഭർത്താവിന്റെ അനുവാദം ചോദിക്കയും അദ്ദേഹം അതിനു സമ്മതിക്കയുംചെയ്തു. കുറെനാൾകഴിഞ്ഞപ്പോൾ ആ കുട്ടി മരിച്ചുപോയി. അപ്പോൾ ക്ലോവിസ്സിനു വളരെ വ്യസനമായി. കുട്ടി മരിച്ചതു അതിനെ ജ്ഞാനസ്നാനപ്പെടുത്തിയതിനാൽ ആയിരിക്കണമെന്നും തന്റെ ദൈവങ്ങളുടെ രക്ഷയിൽ ഇതുണ്ടായിരുന്നാൽ അതു മരിക്കയില്ലായിരുന്നുവെന്നും ക്ലോവിസ്സിനു അഭിപ്രായമുണ്ടായി. കുറെക്കാലംകഴിഞ്ഞപ്പോൾ അവർക്കു പിന്നെയും ഒരാൺകുട്ടിയുണ്ടായി. അതിനു അവർ ക്ലോഡൊമീർ എന്നു പേരിട്ടു. അതിനെ ജ്ഞാനസ്നാനപ്പെടുത്തുവാൻ വളരെ പ്രയാസപ്പെട്ടിട്ടാണ് സമ്മതം കിട്ടിയതു. അതിനും താമസിയാതെ വലിയ ദീനമായി. ക്ലോവിസ്സിനു അപ്പോഴുണ്ടായ കോപം പറയാനില്ല. ഈ ദുരിതത്തിനെല്ലാം കാരണം ക്രിസ്ത്യാനികളുടെ ആ വെള്ളമാണെന്നു അദ്ദേഹം വിശ്വസിച്ചു. ക്ലോട്ടിൽഡെയുടെ പ്രാർത്ഥനാഫലമായി കുട്ടി സുഖപ്പെട്ടു. എങ്കിലും ക്ലോവിസ്സിന്റെ വിശ്വാസത്തിനു വലിയ മാറ്റം ഉണ്ടായില്ല.

അങ്ങിനെയിരിക്കുമ്പോൾ ഫ്റാങ്കുകാരും ജെർമൻകാരുമായി ഒരു യുദ്ധം ഉണ്ടായി. രണ്ടുകൂട്ടത്തിലും വളരെയാളുകൾ നഷ്ടപ്പെട്ടു. ഫ്റാങ്കുകാർ തോല്ക്കാറായി എന്നു മട്ടായി. അപ്പോൾ ക്ലോവിസ് പരവശനായി ദൈവത്തോടു പ്രാർത്ഥിച്ചു. "ക്ലോട്ടിൽഡെയുടെ ദൈവമേ എനിക്കു വിജയം നൽകുക. എന്നാൽ ഞാൻ വിശ്വസിക്കാം" എന്നു

ദൈവം നീതിസ്വരൂപനാണ്.

അദ്ദേഹം പറഞ്ഞു. ഇതുയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും സ്ഥിതികൾ എല്ലാംമാറി. ഭടന്മാർക്ക് മുമ്പില്ലാത്തവണ്ണം ധൈര്യവും ശ്രദ്ധയും സാമർത്ഥ്യവും ഉണ്ടായി. അവർ ഒപ്പട്ടെന്നു ജർമൻകാരെ തോല്പിച്ചു.

ഈ സംഭവത്തിനുശേഷം ക്ലോവിസ് തന്റെ പടയാളികളെയെല്ലാം വരുത്തി തന്റെ മതമാറ്റത്തെക്കുറിച്ചുള്ള തീർച്ച അവരെ അറിയിച്ചു. അപ്പോൾ "റെമിയുടെ ദൈവത്തെ ഞങ്ങളെല്ലാവരും ആരാധിപ്പാൻ ഇഷ്ടപ്പെടുന്നു" എന്നു അവർ സന്തോഷത്തോടുകൂടെ ആർത്തുവിളിച്ചു. മെത്രാൻ ക്രിസ്തുമതസിദ്ധാന്തങ്ങളെക്കുറിച്ചു അവരെ ഉപദേശിക്കയും അവർ എല്ലാവരും മാനസാന്തരപ്പെട്ടു ക്രിസ്ത്യാനികളാകയുംചെയ്തു. ക്ലോവിസ്സും തന്റെ കുടുംബക്കാരും പ്രധാന ഉദ്യോഗസ്ഥന്മാരും ൩൦൦൦-ത്തിൽ അധികം പടയാളികളും അന്നു മാനസാന്തരപ്പെട്ടു. ജ്ഞാനസ്നാനജലത്തിൽ ചേർക്കുവാനുള്ള ദിവ്യതൈലം (Chrism) തീരെ തീർന്നിരിക്കുന്നതായിക്കണ്ട് റെമിമെത്രാൻ പ്രാർത്ഥിച്ചപ്പോൾ ഒരു വെള്ളത്ത മാടപ്രാവു ഒരുകുപ്പി തൈലംകൊണ്ടു പറന്നുവന്നു മെത്രാന്റെ കൈയിൽ ഇട്ടു. ഇങ്ങിനെ ഒരു വിശേഷ സംഭവംകൂടി അതിനിടയിലുണ്ടായി. മേൽപറഞ്ഞതരത്തിൽ ക്രിസ്തുമതം ഫ്രാൻസിൽ ഏർപ്പെട്ടു എന്നു പറയുന്നു.



ഉരുപ്പട്ട രജതജൂബിലി സ്മാരകം.

(റവ. ഫാദർ തോമസ് പട്ടോലി)

സ്ഥലം അതിപ്രാചീനമായ ദേവാലയത്തിൽവച്ചു് മാർ തോമാശ്ലീഹായുടെ ദുക്റാനാതിരുന്നാൾ പൂർവ്വാധികം ആഡംബരമായി കൊണ്ടാടപ്പെട്ടിരിക്കുന്നു. പള്ളിയും പരിസരപ്രദേശങ്ങളും ഇതുസംബന്ധിച്ചു് കമനീയമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു. പെരുന്നാൾദിവസം രാവിലെ ആഘോഷമായ ഉയിരവരുടെ റാസ, പ്രസംഗം, പട്ടണപ്രദക്ഷിണം എന്നു തിരുക്കർമ്മങ്ങൾ നടന്നു. അതിശ്രേഷ്ഠ വികാരിജനറാൾ റൈറ്റ് റവ. മോൺസിഞ്ഞോർ തോമസ് മനാട്ടുകല്ലേൽ അവർകളാണു റാസ ചൊല്ലിയതു. കർമ്മലീത്താ മൂന്നാം സഭയുടെ പ്രീയോർ ജനറാൾ പെ. ബ. ജോൺ ബക്കുമാൻസ് അവർകൾ പ്രസംഗംചെയ്തു. ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ജാതീയ ആഘോഷങ്ങൾക്കെല്ലാം അടിസ്ഥാനമായ സംഭ

വത്തെ അനുസ്മരിപ്പിക്കുന്ന ചടങ്ങാണു നിർവഹിക്കപ്പെട്ടതു. അതിമനോഹരമായ സിംഹാസനപള്ളിയുടെ മുമ്പിൽ കായലോരത്തുള്ള മൈതാനത്തിൽ പണിയിപ്പെട്ടിട്ടുള്ള വിചിത്രമണിപണ്ഡപത്തിന്റെ മുകൾതട്ടിൽ ദിവ്യരക്ഷകന്റെയും അവിടത്തെ തിരുവിലാവു സ്പർശിച്ചുനോക്കുവാൻ ഭാവിച്ചുകൊണ്ടു മുട്ടിന്മേൽ നില്ക്കുന്ന തോമാശ്ലീഹായുടെയും പ്രതിമകൾ സ്ഥാപിക്കുകയായിരുന്നു ആ കർമ്മം. തെളിഞ്ഞുവരുന്ന പുതിയ ഹാർബർമുഖത്തിന്നെതിരെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിചിത്രമണ്ഡപവും പ്രതിമകളും എറണാകുളത്തിന്റെ മുഖസൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നതിനതികുന്ന ഭൂഷണമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ദിവ്യരക്ഷകന്റേയും തോമാശ്ലീഹായുടേയും പ്രതിമകൾ രണ്ടും നല്ല ഒത്ത ആളുകളുടെ തോതിൽ ചെയ്യപ്പെട്ടിരിക്കുന്നവയാണ്. ചായപ്പണി ചെയ്തവയാകയാൽ അവ കരമാശ്ശിമായും ജലമാശ്ശിമായും സഞ്ചരിക്കുന്ന ജനങ്ങളുടെയെല്ലാം ദൃഷ്ടിയെ ഹഠാദാകർഷിക്കുന്നുണ്ടു. എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ ആഗുസ്തീനോസ തിരുമനസ്സിലെ ഗ്രഹിപ്പട്ട രജത ജൂബിലിയുടെയും കേരള കത്തോലിക്കാ സുറിയാനി സഭയുടെ ഹയറാക്കി പുനഃസ്ഥാപനഫലമായി അവിടത്തെ എറണാകുളത്തെ ആദ്യ മെത്രാപ്പോലീത്തയായിത്തീർന്നതിന്റെയും ഓർമ്മയെ നിലനിർത്തുന്നതിനായി പ്രസ്തുത അതിരൂപതയിലെ വൈദികരും അൽമേനികളും പള്ളികളും ചേർന്നു സംഭാവനചെയ്ത പണംകൊണ്ടു നിർമ്മിച്ചിട്ടുള്ള പ്രതിമാസ്ഥാപനത്തെ വെഞ്ചരിക്കയും അതിന്റെ ഉൽഘാടനം നടത്തുകയും ചെയ്തതു മെത്രാപ്പോലീത്താ തിരുമേനിതന്നെയാണ്. വെഞ്ചരിപ്പുകഴിഞ്ഞയുടനെ ഈ മഹാ സ്മാരകത്തെ സംബന്ധിച്ചും അതു സൂചിപ്പിക്കുന്ന സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയും സുപ്രസിദ്ധ വാഗ്മിയായ റവ. ഡോക്ടർ പഞ്ഞിക്കാരൻ അവർകൾ ഒരു ലഘുപ്രസംഗം ചെയ്കയുണ്ടായി. അനന്തരം എല്ലാവരും ദേവാലയത്തിൽ പ്രവേശിച്ചു. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ശ്ലൂ. കുർബാനയുടെ വാഴ്ച്ച നടത്തി. ഇതിന്നുശേഷം തോമാശ്ലീഹായുടെ തിരുശേഷിപ്പു വഹിച്ചുകൊണ്ടു സ്മാരകമണ്ഡപത്തിനു മൂന്നുവട്ടം പ്രദക്ഷിണവുമുണ്ടായിരുന്നു. ബാൻറു വാദ്യങ്ങൾ, കരിമരുന്നു പ്രയോഗങ്ങൾ മുതലായവയും ഉണ്ടായിരുന്നു. അതിരൂപതയുടെ നാനാഭാഗങ്ങളിൽനിന്നും ആഗതരായ എത്രയോ ബഹു. വൈദികരും പ്രതീക്ഷയിൽ കവിഞ്ഞ ജനാവലിയും എല്ലാ ചടങ്ങുകളിലും സംബന്ധിച്ചിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

ഏകദേശം അഞ്ചുമണിയോടുകൂടി സ്ഥലം സെൻറ് അഗസ്റ്റിൻസ് സ്കൂൾ ഹാളിൽവച്ചു സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ രാമത്തെയും സെൻറ് സ്റ്റനിസ്ലാവോസ് ബാലസമാജത്തിന്റെ ഏഴാമത്തെയും വാഷ്കിയോഗം പാനികുളം ബ. ഇട്ടൂപ്പച്ചൻ അവർകളുടെ അദ്ധ്യക്ഷത്തിൽ നടത്തപ്പെട്ടു. യോഗത്തിൽ പാണാട്ട ബ. തോമ്മനും, മി. ഇലഞ്ഞിക്കൽ തരിയൻ കുഞ്ഞിത്തൊമ്മനും പ്രൌഢമായ ഓരോ പ്രസംഗം ചെയ്കയും, വേദോപദേശ പരീക്ഷയിൽ വിജയികളായ സ്ഥലം എടവകയിലെ ബാലികാബാലന്മാർക്കു സമ്മാനങ്ങൾ നൽകുകയുണ്ടായി. ഒടുവിൽ "ലൂർദ്ദിലെ അത്ഭുതം" എന്ന ഒരു ചെറുപ്രഹസനം അഭിനയിച്ചു ജാതീയദിനാഘോഷം മംഗളകരമായി അവസാനിപ്പിച്ചു.

കൃതജ്ഞതാപ്രകാശനം.

വി. കൊച്ചുത്രേസ്യായുടെ പ്രത്യേകസഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദിയായി ഏക. അയക്കുന്നു. മേരി എരീക്കൽ. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എനിക്കു പിടിപെട്ട സുഖക്കേടു ശമിച്ചതിനും കന്നുകാലികളുടെ വസന്തനിഞ്ഞിക്കിട്ടിയതിനും നന്ദിയായി നക. അയക്കുന്നു. പുതിശ്ശേരി ഔസേപ്പു ഏലി, കുറിപ്പുഴ. മൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥം വഴിയായി അപേക്ഷിച്ചകാര്യം സാധിച്ചതിനു ഏക. അയക്കുന്നു. മേരി ജെ. പാനികുളം. വി. ചെറുപുഷ്പത്തിന്റെ സഹായത്താൽ അപേക്ഷിച്ചകാര്യം സാധിച്ചതിനു നന്ദിയായി ഏക. അയക്കുന്നു. ഒരു വിദ്യാർത്ഥി. വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ആഗ്രഹിച്ചകാര്യം സാധിച്ചതിനു കൃതജ്ഞതയായി ഏക. അയക്കുന്നു. എ. വി. കുന്നേൽ, പൊൻകുന്നം. തിരുഹൃദയത്തിന്റെ സഹായത്താൽ ഉദ്ദേശം സാധിച്ചതിനു നന്ദിയായി ഏക. അയക്കുന്നു. കെ. പഞ്ഞിക്കാരൻ, അങ്കമാലി. ചെറുപുഷ്പത്തിന്റെയും, ഈശോയുടെ തിരുഹൃദയത്തിന്റെയും മനോഗുണത്താൽ ഞാൻ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണയായി ഏക. അയക്കുന്നു. അക്കാബ്ലാ, വാച്ചാപറമ്പിൽ, പുളിങ്കുന്നു. വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ എന്റെ ഭാര്യയുടെ പ്രസവം ശുഭമായികഴിഞ്ഞതിനും, കന്നുകാലികളെ കാണാതെപോയതിരികെ കിട്ടിയതിനും നന്ദിയായി നക. അയക്കുന്നു. പി. എസ്സ്. വക്കി, പൂഞ്ഞാർ. ഉപകാരസ്മരണയായി ഏക. അയക്കുന്നു. വി. ചെറുപുഷ്പത്തിന്റെ സഹായത്താൽ ക്ലേശത്തിൽ ശമ്പളം കിട്ടിയതിനു ഉപകാരസ്മരണ ഏക. കെ. പി അന്ന പള്ളത്തി. വി. കൊച്ചുത്രേസ്യായുടെ പ്രത്യേക സഹായത്താൽ കാണാതെപോയ കന്നുകാലിയെ തിരിച്ചുകിട്ടിയതിന് ഉപകാരസ്മരണയായി ഏക. അയക്കുന്നു. പുതുശ്ശേരി കുഞ്ഞു ജേക്കബ് പരിയാരം. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ സുഖക്കേട് ഭേദമായതിന് ഉപകാരസ്മരണയായി നക. അയക്കുന്നു. പടിഞ്ഞാറെക്കര ചാക്കപ്പൻ മോസ്സു കൊച്ചുമറിയം, പരിയാരം.



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുബ്ബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാംകൂർ അതിരിയിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതിരികടത്തി കൊച്ചി അതിരിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രാഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണ്.

വില കുപ്പി ഫ്രീ ഉ. കാ. മാത്രം.

ഫ്രവൻ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്ക് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറ് കമ്പനി.
വൈൻ കച്ചവടം,—എറണാകുളം.

വില ആദായം. നല്ല സാമാനം. ക്രൂലി ആദായം.

മരംകൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്ക്ഷോപ്പിൽ എപ്പോഴും തയാറുണ്ടു. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറ്റിയ ചമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചകൾ, മണിക്കോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയും കീർത്തിമുദ്രകളും പാത്രീഭവിച്ചിട്ടുള്ള ഞങ്ങളുടെ ആച്ചും മണിക്കോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്തിൻ & ബ്രദേഴ്സ്
ഫർണിച്ചർ മാർട്ട്,
ബ്രോഡ്വേ—എറണാകുളം.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഫ. വ്യ. ... ഒരു പ്രതിയ്ക്കു ഉ. ണ. ന്യ പൈ.

ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറു അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"


മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

ദന്തചികിത്സ.

പല്ലുകൾ മുഴുവനായി തയ്യാറാക്കികൊടുക്കുക, സ്വർണ്ണപ്പല്ലുകൾ വെച്ചുകൊടുക്കുക, വേദനകൂടാതെ പിഴുതെടുക്കുക, ദ്വാരമുള്ള പല്ലുകൾ വെള്ളികൊണ്ടു അടയ്ക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എപ്പോഴും തൃപ്തികരമായവിധം ചെയ്തുകൊടുക്കുന്നതാണ്. എല്ലാദിവസവും ദീനക്കാരെ സ്വീകരിക്കും. പരിശോധനകൾക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഒരിക്കൽ പരിശ്രമിക്കുന്നതുകൊണ്ടുതന്നെ ആക്കും പൂർണ്ണതൃപ്തിവരും.

ഡാക്ടർ സി. ഒ. ലാസർ, സി. ഡി. എസ്സ്;

ബ്രോഡ്വെ, —എറണാകുളം.



പലേ കീർത്തിമുദ്രകളും

വീരശൃംഖലകളും ലഭിച്ചിട്ടുള്ള

ജെ. അഗസ്റ്റിൻ പത്യാല ആൻഡ് സൺസ്സ്

റെയി. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലങ്കാരപ്പണികളും, മിനുക്കുവരുത്തുന്നതും, കൊത്തുപണികളും (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടരങ്ങുകല, ജീവതുല്യമായ പളുങ്കു കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടവരാണു ഞങ്ങൾ എന്നുള്ളതിനു തെളിവുകൾ കാണിക്കുന്നതാണ്. മിതമായ നിരക്ക്—മേൽവിലാസം പരസ്യം.

Printed and published by Rev. Jacob Naduvathuchery at the "Mar Louis Memorial" Press — Ernakulam.